# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ജൂൺ 12 | ദീപം 58 | നാളം 14 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





മാത്യു എം. കുര്യാക്കോസ്




## ജൂൺ 5 ലോകപരിസ്ഥിതിദിനം

# മരങ്ങളെ പ്രണയിക്കാത്ത മനുഷ്യരോ നമ്മൾ?

മണ്ണിനെയും മരങ്ങളെയും മനുഷ്യനുവേണ്ടി പ്രണയിച്ച, പ്രണയിക്കുന്ന മഹാമനീഷികളുടെ പ്രവർത്തനങ്ങൾക്കും ഓർമ്മകൾക്കും മുന്നിൽ പ്രണാമം!

ജൂൺ 5. ഫ്രാൻസിസ് അസ്സീസിയും മസനോബു ഫുക്കുവോക്കയും വങ്കാരിമാതായിയും സിയാറ്റിൻ മൂപ്പനും ആൽഡോ ലിയോപോൾഡും ഹെൻട്രി ഡേവിഡ് തോറോയും അകിര മിയാവാക്കിയും തുടങ്ങി ഫ്രാൻസിസ് മാർപാപ്പാവരെയുള്ള നിരവധി മഹാപ്രതിഭകളെ ആദരവോടെ ഓർമിച്ച് അവരുടെ ദർശനസൗകുമാര്യത്തിലേക്കു മിഴികൾ നീട്ടുന്ന ദിനം. കേരളത്തിൽ ജോൺ സി ജേക്കബും കല്ലേൻ പൊക്കുടനും സിപി റോയിയും മരമത്തായിച്ചേട്ടനും ദയാൽസാറും സതീഷ്കുമാറും ദേവസ്യാച്ചൻ പൂണ്ടിക്കുളവും അടക്കം ജീവിച്ചിരിക്കുന്നവരും മൃതിയടഞ്ഞവരുമായ നിരവധി സുമനസ്സുകളുടെ തേജസ്സുറ്റ പ്രവർത്തനങ്ങളുടെ സുഗന്ധം ഒരിക്കൽക്കൂടി ആസ്വദിച്ചാനന്ദിക്കാനുള്ള ദിനം. പേര് ഇവിടെ കുറിക്കാത്ത ഒട്ടനവധി ശാസ്ത്രജ്ഞന്മാരുടെയും സാഹിത്യകാരന്മാരുടെയും ക്രാന്തദർശികളായ രാഷ്ട്രത്തലവന്മാരുടെയും പാരിസ്ഥിതിക ആഭിമുഖ്യത്തിനു മുന്നിൽ നന്ദിയോടെ ശിരസ്സു നമിക്കേണ്ട സമയം.

ലോകത്തിൽ ആദ്യമായി പരിസ്ഥിതി ഒരു പ്രധാന വാദവിഷയമായി എടുത്ത് രാഷ്ട്രനേതാക്കന്മാർ ചർച്ച ചെയ്ത മഹാദിനം. 52 വർഷങ്ങൾക്കു മുമ്പാണ് അതു നടന്നത്. കൃത്യമായി പറഞ്ഞാൽ 1972 ജൂൺ 5 ാം തീയതി. അന്ന് സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ 122 ഓളം രാജ്യങ്ങളുടെ പ്രതിനിധികൾ ഒത്തുചേർന്നു. ഔദ്യോഗികപരിവേഷമുള്ള ആദ്യത്തെ പാരിസ്ഥിതികസമ്മേളനം. സ്റ്റോക്ഹോം കോൺഫെറൻസ് എന്നതറിയപ്പെട്ടു. വ്യാവസായികവിപ്ലവങ്ങളുടെ പരിണതഫലമായി ജീവവ്യവസ്ഥകളായ അന്തരീക്ഷവും ജലവും മണ്ണും അധികമായി വിഷലിപ്തമാകുകയും മലിനപ്പെടുകയും ചെയ്യുന്നു എന്ന തിരിച്ചറിവിൽ സ്റ്റോക്ക് ഹോം കോൺഫെറൻസ് മുന്നോട്ടുവച്ച 21 തത്ത്വങ്ങൾ പരിസ്ഥിതിയെക്കുറിച്ചും പരിസ്ഥിതി ആഘാതത്തെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള മാഗ്നാകാർട്ടയായി ഇന്നും നിലകൊള്ളുന്നു.

പിന്നീടങ്ങോട്ട് ഓരോ വർഷവും ജൂൺ 5 ലോകപരിസ്ഥിതിദിനമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിക്കുകയും 1973 മുതൽ ഔദ്യോഗികാചരണത്തിനായി ഓരോ വർഷവും ഒരു രാജ്യം ആതിഥേയത്വം വഹിക്കുകയും ചെയ്തു വരുന്നു. 2025 ലോകപരിസ്ഥിതിദിനാചരണത്തിന് ആതിഥ്യം വഹിക്കുന്നത് ദക്ഷിണ കൊറിയയിലെ ജെജു ദ്വീപാണ്. 2026 ലെ ലോകപരിസ്ഥിതിദിനാചരണം അസർബൈജാനിൽവച്ച് ഔദ്യോഗികമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ വർഷവും ഒരു പ്രത്യേക വിഷയം പ്രാധാന്യത്തോടെ എടുത്ത് അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും തുടർപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഈ വർഷത്തെ പരിസ്ഥിതിമുദ്രാവാക്യം 'ബീറ്റ് പ്ലാസ്റ്റിക് പൊലൂഷൻ' അതായത്, പ്ലാസ്റ്റിക് മലിനീകരണത്തെ തോൽപ്പിക്കുക എന്നതാണ്. പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുക എന്ന വിഷയത്തെ മുൻനിർത്തിയുള്ള പ്രവർത്തനപരിപാടികൾക്കായിരിക്കും ഈ വർഷം പ്രാമുഖ്യം.

കൊല്ലരുത് എന്ന കല്പനപോലെ തന്നെ വളരെ പ്രാധാന്യമർഹിക്കുന്നതാണ് 'പ്ലാസ്റ്റിക് കത്തിക്കരുത്, വലിച്ചെറിയരുത്' എന്ന നിയമം. കാരണം, പ്ലാസ്റ്റിക് കത്തിക്കുമ്പോൾ ഉണ്ടാകുന്ന ഡയോക്സിൻ എന്ന വാതകം കാൻസർപോലുള്ള ഗുരുതരമായ രോഗങ്ങൾ ഉണ്ടാക്കുന്നുവെന്ന് അസന്ദിഗ്ധമാംവിധം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ദശകങ്ങൾക്കുമുമ്പേതന്നെ നിയമനിർമാണങ്ങൾവഴിയും ബോധവൽക്കരണംവഴിയും പ്ലാസ്റ്റിക്കിനെതിരെയുള്ള പോരാട്ടം നാം ആരംഭിച്ചുവെങ്കിലും ഇതുവരെയും ഫലപ്രാപ്തിയിലെത്തിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ശ്വസിക്കുന്ന വായുവിലും കുടിക്കുന്ന ജലത്തിലും കഴിക്കുന്ന ഭക്ഷണത്തിലും പ്ലാസ്റ്റിക്തരികളുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇതുവഴി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുമ്പോൾ ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും കാത്തിരിക്കാതെ പ്ലാസ്റ്റിക്കേ വിട... എന്നു പറയേണ്ട വിവേകകത്തിലേക്ക് നാം ഉണരണം. 5 മില്ലിമീറ്ററിലും താഴെ വലുപ്പമുള്ള സൂക്ഷ്മമായ പ്ലാസ്റ്റിക്തരികളെ മൈക്രോപ്ലാസ്റ്റിക് എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ ആഴ്ചയിലും ശരാശരി അഞ്ച് ഗ്രാം പ്ലാസ്റ്റിക്, മൈക്രോപ്ലാസ്റ്റിക് രൂപത്തിൽ മനുഷ്യനിൽ എത്തുന്നു എന്ന റിപ്പോർട്ട് ഞെട്ടലുള്ളവാക്കുന്നു. മറ്റു പാരിസ്ഥിതികപ്രശ്നങ്ങൾപോലെതന്നെ ആധുനികജനജീവിതത്തെ സാരമായി ബാധിച്ചിരിക്കുന്ന ഒന്നാണ് പ്ലാസ്റ്റിക് പാൻഡമിക് എന്നു തിരിച്ചറിയണം.

കരയിലും ജലത്തിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്രമാതീതമായി വർദ്ധിച്ച് മരണപ്പെടുന്ന ജീവികളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചുവരുന്നു. വർഷംതോറും രണ്ടു ലക്ഷത്തി അറുപത്തൊമ്പതിനായിരം മെട്രിക് ടൺ പ്ലാസ്റ്റിക്മാലിന്യങ്ങൾ കരയിലും 12 മില്യൺ മെട്രിക് ടൺ മാലിന്യങ്ങൾ സമുദ്രത്തിലും നിക്ഷേപിക്കപ്പെടുന്നു എന്ന കണക്ക് ശുഭകരമല്ല. ആഘോഷങ്ങളിലും സമ്മേളനങ്ങളിലും വിവാഹസൽക്കാരങ്ങളിലും ഉപയോഗിച്ച് വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക്ബോട്ടിലുകളുടെ ബാഹുല്യം നിയന്ത്രണാതീതമാണ്. ഈ പരിസ്ഥിതിദിനത്തിലെങ്കിലും പ്ലാസ്റ്റിക് കൂടിന്റെയും പ്ലാസ്റ്റിക് ബോട്ടിലിന്റെയും ഉപയോഗം ബോധപൂർവം ഞാൻ ഒഴിവാക്കും, കുറയ്ക്കും എന്ന ഒരു നല്ല തീരുമാനം എടുക്കാൻ നമുക്കു കഴിയുമെങ്കിൽ നമ്മുടെ പരിസ്ഥിതിദിനാചരണത്തിന് അർത്ഥമുണ്ടാകും.

കാലാവസ്ഥാവ്യതിയാനം, ജൈവവൈവിധ്യശോഷണം, കാട്ടുതീ, വായുജലമലിനീകരണം, ആഗോളതാപനം തുടങ്ങിയ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാനാവാതെ ഇപ്പോഴും നമ്മുടെ മുമ്പിലുണ്ട്. പരിസ്ഥിതിയുടെ സുവിശേഷം എന്നറിയപ്പെടുന്ന റേച്ചൽ കാഴ്സന്റെ സൈലന്റ് സ്പ്രിങ് എന്ന വിഖ്യാതപുസ്തകം 1962 ൽ, അതായത്, ലോകപരിസ്ഥിതി ദിനം ആചരിച്ചുതുടങ്ങുന്നതിനും പത്തു വർഷംമുമ്പേ പുറത്തിറങ്ങിയിരുന്നു. ലോകമെമ്പാടും പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് ഊർജം പകർന്ന പുസ്തകമായിരുന്നത്.

▶14

# കുട്ടികളിൽ തലവേദന തുടർച്ചയായാൽ



ഡോ. ജെമിനി ജോർജ്

സ്കൂളുകൾ തുറന്നു. കുട്ടികളിൽ പലരും വൈകുന്നേരമെത്തുമ്പോൾ ആദ്യം പറയുന്ന പരിഭവങ്ങളിൽ ഒന്ന് തലവേദന എന്നാകും. മുതിർന്നവരിൽ മാത്രമല്ല കുട്ടികളിലും കൂടുതലായി കാണപ്പെടുന്ന പ്രശ്നമായി തലവേദന മാറിക്കൊണ്ടിരിക്കുന്നു. ഏതു വയസ്സിലും തലവേദന ഉണ്ടാകാമെങ്കിലും അഞ്ചു വയസ്സിനു മുകളിലുള്ള കുട്ടികളിലാണ് കൂടുതലായി കാണപ്പെടുന്നത്. പലപ്പോഴും വിശ്രമംകൊണ്ടു മാറുമെങ്കിലും തുടർച്ചയായ തലവേദനകൾ ഉണ്ടായാൽ കുട്ടികൾ അസ്വസ്ഥരാകാനും പഠനത്തെ ബാധിക്കാനും സാധ്യതയുണ്ട്.

**കൊച്ചുകുട്ടികളിലെ തലവേദന**

കൊച്ചുകുട്ടികളും തലവേദനയുടെ അസ്വസ്ഥതകൾ പ്രകടിപ്പിക്കാറുണ്ട്. അഞ്ചു വയസ്സിനുമുമ്പ് കുട്ടികളിൽ തലവേദനയുടെ സ്വഭാവം വ്യത്യസ്തമായിരിക്കും. കുട്ടിക്ക് ഇടവിട്ടുണ്ടാകുന്ന ഛർദ്ദി അല്ലെങ്കിൽ വയറുവേദന തുടങ്ങിയ അസ്വസ്ഥതകളോടെയാകാം തലവേദന പ്രകടമാകുന്നത്. ഇതിനെ സൈക്ലിക് വൊമിറ്റിങ് സിൻഡ്രോം അല്ലെങ്കിൽ അബ്ഡൊമിനൽ മൈഗ്രെയ്ൻ എന്നു വിളിക്കുന്നു.

**കുട്ടികളിൽ അനുഭവപ്പെടുന്ന പ്രധാന തലവേദനകൾ**

● **ടെൻഷൻ തലവേദന**

കുട്ടികളിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന തലവേദനയാണിത്. പുതിയ സ്കൂൾ കാലഘട്ടത്തിലേക്കു പ്രവേശിച്ചുകഴിയുമ്പോൾ പഠനകാര്യങ്ങൾ ഉൾപ്പെടെ ചിന്തിച്ചുകൂട്ടി മാനസികസമ്മർദം വർധിക്കുന്നതിനെത്തുടർന്ന് ഈ രീതിയിൽ തലവേദനയുണ്ടാകാം. തലയുടെ ഇരുവശത്തും വരിഞ്ഞു മുറുകിക്കെട്ടിയപോലെ അനുഭവപ്പെടുന്ന വേദനയാണ് ഇതിന്റെ പ്രധാന ലക്ഷണം. മാനസികസമ്മർദം, ഉറക്കക്കുറവ്, സമയത്ത് ഭക്ഷണം കഴിക്കാതിരിക്കുക തുടങ്ങിയ ഘടകങ്ങളും ഈ തലവേദനയ്ക്കു കാരണമാകുന്നു.

● **മൈഗ്രെയ്ൻ**

സാധാരണമായി ചെന്നിക്കുത്ത് അല്ലെങ്കിൽ കൊടിഞ്ഞി എന്ന പേരിൽ ഇതറിയപ്പെടുന്നു. ജനിതകകാരണങ്ങൾകൊണ്ടും പാരമ്പര്യമായും ഇതുണ്ടാകാം. തലയുടെ രണ്ടു വശങ്ങളിലും



ചിലപ്പോൾ ഒരു വശത്തും മാത്രമായി അനുഭവപ്പെടുന്ന തലവേദനയാണിത്. വേദനയുടെ കൂടെ ഓക്കാനം,ഛർദ്ദി, വെളിച്ചത്തിലേക്കു നോക്കുമ്പോഴുള്ള ബുദ്ധിമുട്ട്, ശബ്ദം കേൾക്കുമ്പോഴുള്ള അസ്വസ്ഥത തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാകാം. ചില കുട്ടികളിൽ തലവേദന തുടങ്ങുന്നതിനുമുമ്പായി കണ്ണിന്റെ കാഴ്ചമങ്ങൽ അല്ലെങ്കിൽ കണ്ണിനു മുമ്പിൽ പ്രകാശകിരണങ്ങൾ കാണുക, കൈകാലുകളിൽ മരവിപ്പുണ്ടാകുക എന്നിവയും ലക്ഷണങ്ങളായി കാണാറുണ്ട്.

● **സെക്കൻഡറി തലവേദനകൾ**

ടെൻഷൻ തലവേദന, മൈഗ്രെയ്ൻ തുടങ്ങിയ തലവേദനകൾ കൂടാതെ മറ്റ് അസുഖങ്ങളുടെ ഭാഗമായും തലവേദന കുട്ടികളിൽ അനുഭവപ്പെടാറുണ്ട്. ജലദോഷം, കഫക്കെട്ട് എന്നിവയെത്തുടർന്നുവരുന്ന സൈനസൈറ്റിസ്, കാഴ്ചസംബന്ധമായ പ്രശ്നങ്ങൾ, മെനിഞ്ചൈറ്റിസ്, തലയിലുണ്ടാകുന്ന മുഴകൾ, മസ്തിഷ്കത്തിലെ ദ്രവസമ്മർദം ഉയരുക തുടങ്ങിയ വിവിധ കാരണങ്ങളുടെ ഭാഗമായും തലവേദന അനുഭവപ്പെടാം.

**രോഗനിർണയം**

കുട്ടികളിലെ തലവേദനയുടെ രോഗനിർണയം നടത്തുന്നത് ലക്ഷണങ്ങൾ നോക്കിയും വിശദമായ ശാരീരികപരിശോധനയിലൂടെയുമാണ്. ചിലപ്പോൾ എം.ആർ.ഐ സ്കാനും വേണ്ടി വരാറുണ്ട്.

**സൂക്ഷിച്ചുവയ്ക്കാം ഒരു ഹെഡേക്ക് ഡയറി**

തലവേദന പൂർണമായും മാറ്റുന്നതിനു ജീവിതശൈലിയിലെ മാറ്റങ്ങളും അനിവാര്യമാണ്. മതിയായ ഉറക്കം, സന്തുലിതമായ ഭക്ഷണം, പോഷകാഹാരങ്ങൾ, കൃത്യസമയത്തു ഭക്ഷണം കഴിക്കുന്നത്, പതിവായുള്ള വ്യായാമങ്ങൾ, മൊബൈൽ ഫോണിലെ സ്ക്രീൻ സമയം കുറയ്ക്കൽ എന്നിവ പാലിക്കണം. ഒരു മാസത്തിൽ മൂന്നോ നാലോ തവണ തലവേദന അനുഭവപ്പെടുകയാണെങ്കിൽ പ്രതിരോധമരുന്നുകൾ കഴിക്കേണ്ടിവരും. ഇവ ചുരുങ്ങിയ കാലത്തേക്കു മതിയാകും. തലവേദന വരുന്ന ദിവസങ്ങൾ കൃത്യമായി ഓർത്തുവയ്ക്കാനും കാരണങ്ങൾ തിരിച്ചറിയുന്നതിനുമായി ഒരു ഹെഡേക്ക് ഡയറി കൈവശം സൂക്ഷിക്കുന്നതു നല്ലതാണ്.

**ജാഗ്രത പുലർത്തേണ്ട തലവേദനയുടെ ലക്ഷണങ്ങൾ**

തുടർച്ചയായ തലവേദന കുട്ടികളിൽ നിലനിൽക്കുകയാണെങ്കിൽ ന്യൂറോളജിസ്റ്റ്, പീഡിയാട്രീഷൻ എന്നിവരെ കണ്ട് ചികിത്സകൾ തേടേണ്ടതുണ്ട്. താഴെപ്പറയുന്ന ലക്ഷണങ്ങൾ ഉള്ളവർ ഇക്കാര്യത്തിൽ ശ്രദ്ധപുലർത്തണം:

- തുടർച്ചയായി നിൽക്കുന്നതും തീവ്രത വർദ്ധിക്കുന്നതുമായ രീതിയിലുള്ള തലവേദന
- തലവേദനയോടൊപ്പം പനി, അല്ലെങ്കിൽ കഴുത്തിനു പിറകിൽ ശക്തമായ വേദന
- തലവേദനയോടൊപ്പം അപസ്മാരം അല്ലെങ്കിൽ പെരുമാറ്റത്തിൽ വ്യതിയാനങ്ങൾ
- തലവേദനയോടൊപ്പം കാഴ്ചയ്ക്കു മങ്ങൽ അല്ലെങ്കിൽ രണ്ടായി കാണുക
- രാവിലെ ഉണർന്നെണീക്കുമ്പോൾ തലവേദന അല്ലെങ്കിൽ ഛർദ്ദി.

*ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ന്യൂറോളജി വിഭാഗം കൺസൾട്ടന്റാണ്.*

## പുതിയ തുടക്കം

നുറുങ്ങുകഥ
ഉണ്ണി വാരിയത്ത്



ഒടുവിൽ അവൾക്കു മനസ്സിലായി – താൻ എവിടെയും എത്തിപ്പെടാൻ പോകുന്നില്ല. കാരണം, തുടക്കമേ തെറ്റിപ്പോയി.

തുടങ്ങിയ ഇടത്തിലേക്കു തിരിച്ചുചെന്ന് പുതിയ ഒരു തുടക്കംകുറിക്കാൻ ആർക്കും കഴിയില്ലെങ്കിലും, നിൽക്കുന്ന ഇടത്തിൽനിന്നും സൂക്ഷ്മശ്രദ്ധയോടെ ചലിച്ച് പുതിയ ഒരു അവസാനം കണ്ടെത്താമല്ലോ. അതിനുവേണ്ടിയുള്ള ശ്രമത്തിലാണ് അവൾ ഇപ്പോൾ.

35 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495195739, 9495021259
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A., B.Com - (M.G. University)
Regular, Postal & Holiday Classes
1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം
എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.
കേരള ഗവൺമെന്റ് – PSC അംഗീകൃതം
+ 2 പരാജിതർക്ക് 3 വിഷയം മാത്രം
കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ നാമത്തിലാണു നമ്മുടെ ആശ്രയം.

സങ്കീർത്തനങ്ങൾ 124:8

**എഡിറ്റോറിയൽ**

# പൂർണമല്ലാത്ത പുത്തൻപാഠങ്ങൾ

**പു**ത്തൻപാഠപുസ്തകങ്ങളും പ്രതീക്ഷകളും പരിഷ്കാരങ്ങളുമായി പുതിയ അധ്യയനവർഷത്തിന് ഔദ്യോഗികമായ ആരംഭംകുറിച്ചു. നല്ല പൗരരെയും മികച്ച മനുഷ്യരെയും മൂല്യബോധമുള്ള തലമുറയെയും സൃഷ്ടിക്കുകയെന്നതാണ് വിദ്യാഭ്യാസത്തിന്റെ വിശാലലക്ഷ്യമെന്നത് ഉൾക്കൊണ്ടുള്ളൊരു ആശയപദ്ധതിയുമായാണ് സംസ്ഥാനപൊതുവിദ്യാഭ്യാസവകുപ്പ് ഈ അധ്യയനവർഷം ആരംഭിച്ചിരിക്കുന്നത്. 'ഒന്നിച്ചൊന്നായ് ഒന്നാവാം' എന്ന തലക്കെട്ടോടെ സമഗ്രഗുണമേന്മാവിദ്യാഭ്യാസപദ്ധതിവർഷമായി ഈ പുതിയ അധ്യയനവർഷത്തെ വിഭാവന ചെയ്തിരിക്കുന്നു. ക്ലാസ്കയറ്റത്തിനു വാർഷികപ്പരീക്ഷയിൽ 30 ശതമാനം മാർക്ക് എന്ന വ്യവസ്ഥ, പാഠപുസ്തകമാറ്റം നടപ്പാക്കൽ, ഹൈസ്കൂളിൽ ക്ലാസ് സമയം അരമണിക്കൂർ അധികമാക്കൽ തുടങ്ങിയ പരിഷ്കരണങ്ങളോടൊപ്പം കുട്ടികളിൽ സാമൂഹികമൂല്യങ്ങളും പൗരബോധവുമുണ്ടാക്കുന്ന തരത്തിലുള്ള പഠനപ്രവർത്തനങ്ങൾക്കായി അധ്യയനവർഷത്തിന്റെ ആദ്യദിവസങ്ങളിലെ ഒരു മണിക്കൂർ മാറ്റിവച്ചിരിക്കുകയാണ്. ജൂൺ രണ്ടുമുതൽ പതിമ്മൂന്നുവരെ ഒന്നുമുതൽ പത്തുവരെ ക്ലാസുകാർക്കും ജൂലൈ പതിനൊന്നുമുതൽ ഒരാഴ്ച ഹയർ സെക്കൻഡറിവിദ്യാർഥികൾക്കുമാണ് പഠനപ്രവർത്തനങ്ങളിലൂടെയുള്ള ഈ ബോധവത്കരണപരിപാടികൾ സംഘടിപ്പിക്കുന്നത്. കാലോചിതമായ ഈ ഉദ്യമം അഭിനന്ദനാർഹമാണ്.

ലഹരിയുപയോഗം, വാഹനോപയോഗം, അക്രമവാസന, പരിസരശുചിത്വം, വ്യക്തിശുചിത്വം, വൈകാരികനിയന്ത്രണം, പൊതുമുതൽസംരക്ഷണം, ആരോഗ്യപരിപാലനം, നിയമം, മൊബൈൽ ഫോണുപയോഗം, ഡിജിറ്റൽഅച്ചടക്കം, സാമൂഹികമാധ്യമങ്ങളുടെ ഉപയോഗം, പരസ്പരസഹകരണം തുടങ്ങിയ വിഷയങ്ങളിലാണ് ബോധവത്കരണം. ബോധവത്കരണത്തിന് തിരഞ്ഞെടുത്ത വിഷയങ്ങൾ കാലികപ്രസക്തങ്ങളാണെങ്കിലും അപൂർണമല്ലേ എന്നൊരു സംശയം. മൂല്യബോധത്തോടൊപ്പം പൗരബോധത്തെ അല്പം ആഴത്തിൽ കുട്ടികളിൽ എത്തിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. ദേശത്തെ സ്നേഹിക്കാനും അതിന്റെ വൈവിധ്യങ്ങളിൽ അഭിമാനിക്കാനും വളർച്ചയിൽ പങ്കാളികളാവാനും നമ്മുടെ വിദ്യാർഥികൾക്കു കഴിയണം. രാഷ്ട്രബോധവും രാഷ്ട്രീയബോധവും ഇന്നത്തെ തലമുറയിൽ ഗ്രഹണം സംഭവിച്ച വിധത്തിലാണ്. വിദ്യാർഥികൾ ഭാവിരാഷ്ട്രനിർമാതാക്കൾകൂടിയാണ്. അറിയാത്തതും അനുഭവിക്കാത്തതുമായ ഒരു രാജ്യത്തെയോ അതിന്റെ അനന്യതയെയോ സംരക്ഷിക്കുവാനോ വളർത്തുവാനോ ആരും തയ്യാറാവില്ല. അടിയന്തരപ്രാധാന്യത്തോടെ ചില വിഷയങ്ങളെ സമീപിക്കുന്നതോടൊപ്പം ആയുഷ്കാലത്തേക്ക് ആവശ്യമായവയെ ഉൾച്ചേർക്കാനും സാധിക്കണം.

പടിഞ്ഞാറിലെ വിദ്യാസമ്പന്നർ ഭാരതത്തിന്റെ അനന്യതയായി അഭിനന്ദിച്ച ആത്മീയതയുടെ പാഠങ്ങൾ അധ്യയനത്തിൽ അന്യംനിന്നുപോകാൻ അനുവദിക്കരുത്. ജീവസംരക്ഷണത്തോടൊപ്പം ജീവിതസംരക്ഷണവും അനിവാര്യമാണ്. അമിതമായ അറിവനുകരണങ്ങൾ അസ്തിത്വത്തെയും അനന്യതയെയും അന്യമാക്കുന്നതോ അകലെയാക്കുന്നതോ ആവരുത്. അറിവുകൾ നെറിവുകളും തിരിച്ചറിവുകളുമാകുന്ന ആത്മീതയുടെ മാന്ത്രികമാർഗങ്ങൾ ബോധവത്കരണവിഷയങ്ങളിൽ സ്ഥാനമർഹിക്കുന്നുണ്ട്.

സാമ്പത്തികശക്തിയായി വളരുന്ന ഇന്ത്യയിലെ കുട്ടികൾക്കു സാമ്പത്തികാവബോധവും സാമ്പത്തികഅച്ചടക്കവും ആവശ്യമാണ്. സമ്പത്തുസമ്പാദനത്തിലും, ചെലവാക്കലിലും, വിനിയോഗത്തിലും വിവേകം നഷ്ടപ്പെട്ടാൽ വരുംതലമുറ പാപ്പരാകും. സാമ്പത്തികാവബോധവും അച്ചടക്കത്തിന്റെ ഭാഗമായ സമ്പാദ്യശീലവും വരവുചെലവനുപാതവുമെല്ലാം അവർ മനസ്സിലാക്കേണ്ടതുണ്ട്.

പരിഷ്കാരസമ്പന്നമായി ആരംഭിച്ചിരിക്കുന്ന അധ്യയനവർഷം ഫലപൂർത്തിയിലെത്തുന്നതിന് അധ്യാപകരും വിദ്യാർഥികളും മാതാപിതാക്കളും ഉണർന്നു പ്രവർത്തിക്കണം. പൂർണമല്ലാത്ത പുത്തൻപാഠങ്ങളുടെ പിഴവു പരിഹരിക്കാൻ പുതിയ പാഠ്യപദ്ധതികൾകൂടി ഉൾച്ചേർത്ത് നമുക്ക് ഒന്നിച്ചു മുന്നോട്ടു പോകാം. ■



## പ്രതികരണം

### ആളെക്കൊല്ലും പത്തടി റോഡ്

വിഴിഞ്ഞം പോർട്ട് മൂന്നു നൂറ്റാണ്ടിനുമുമ്പു നടക്കേണ്ടതായിരുന്നു. ഏതു വികസനപ്രവർത്തനം വന്നാലും അത് അട്ടിമറിക്കുക എന്ന പ്രവണത കേരളത്തിൽ പണ്ടുമുണ്ട്. അതിൽ ഒന്നാമത്തേതായിരുന്നു ടി. കെ. ദിവാകരന്റെ കാലത്തുപണിതുടങ്ങിയ തേക്കടി-കോട്ടയം-കുമരകം-ചേർത്തല-എറണാകുളം റോഡ്. അത് ഇന്നും നടപ്പായില്ല. മീനച്ചിൽ റിവർവാലിപദ്ധതി അടുക്കത്ത് അണകെട്ടി വെള്ളം നിയന്ത്രിച്ച് മീനച്ചിലാറ്റിൽ 12 മാസവും 12 മീറ്റർ വെള്ളം നിലനിർത്തി പാലായിലെ വെള്ളപ്പൊക്കം അവസാനിപ്പിക്കുന്നതിനുള്ളതായിരുന്നു. പാലാ ബൈപ്പാസ് പൂർത്തിയാക്കാൻ 50 വർഷമെടുത്തു. കെ.ആർ. നാരായണൻ റോഡ് 20 കൊല്ലം മുമ്പ് ഉണ്ടാകേണ്ടതായിരുന്നു.

രാജഭരണകാലത്ത് 70 അടി, 42 അടി, 28 അടി, 22 അടി എന്നതായിരുന്നു റോഡിന്റെ നിലവാരം. 28 അടി മീറ്ററിൽ വന്നപ്പോൾ എട്ടു മീറ്റർ ഇരുപത്താറര അടിയായി കുറഞ്ഞു. 22 അടി പഞ്ചായത്തുറോഡ് 18 അടിയായി. വീണ്ടും 16 അടിയായി. ഇപ്പോൾ പത്തടി ആയാലും ടാറിട്ടു നന്നാക്കിക്കൊടുക്കും. അതു സറണ്ടർ ചെയ്തു സർക്കാർ ഭൂമി ആക്കിയില്ലെങ്കിലും കുഴപ്പമില്ല. ഞണ്ടിനെപ്പോലെയാണു വികസനം. ആളെക്കൊല്ലും പത്തടി റോഡ് ഇന്നു നമ്മുടെ ശാപമാണ്.

**എം.കെ. സിറിയക്**
**മരങ്ങാട്ടുപിള്ളി**

### ജോർജുസാർ എവിടെ?

മേയ് 15 ലക്കം ദീപനാളം പ്രസിദ്ധീകരിച്ച 'തുടരും' സിനിമയെക്കുറിച്ചുള്ള നിരൂപണം ശ്രദ്ധാപൂർവം വായിച്ചു. തികച്ചും ആഴത്തിലുള്ള ഒരു നിരൂപണമായിരുന്നു അത്. മലയാളസിനിമയും പ്രേക്ഷകനും എവിടെയെത്തിയെന്ന് നിരൂപകൻ പറയുന്നു.

പക്ഷേ, ആ നിരൂപണത്തിൽ മോഹൻലാലിനെ വെല്ലുന്ന പ്രകടനം കാഴ്ചവച്ച പ്രകാശ് വർമ എന്ന നടൻ അവതരിപ്പിച്ച സർക്കിൾ ഇൻസ്പെക്ടറെപ്പറ്റി യാതൊന്നും പറയാതിരുന്നത് എന്തുകൊണ്ടാണെന്ന് എത്ര ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല. ജോർജുസാർ എന്ന ആ സി.ഐ. കഥാപാത്രം ഇപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നു. സിനിമയുടെ എല്ലാ തലങ്ങളിലേക്കും നിരൂപണം കടന്നുചെല്ലണമെന്ന് വിനയപൂർവം പറഞ്ഞുകൊള്ളട്ടെ!

**റോബർട്ട് മാത്യു**
**കൊഴുവനാൽ**

### ഇതു കലയോ കൊലപാതകമോ?

ദീപനാളം മേയ് 29 ലക്കം പ്രസിദ്ധീകരിച്ച ചാർളി പോളിന്റെ ലേഖനം 'സിനിമയെ വയലൻസിന്റെ നരകമാക്കിയവർ' ചിന്തനീയവും കാലോചിതവുമായിരുന്നു. ആരെന്തു പറഞ്ഞാലും ശരി, സമൂഹത്തെ ഏറെ സ്വാധീനിക്കുന്ന ഒരു കലാരൂപമാണു സിനിമ. അതുകൊണ്ടുതന്നെ അതിന്റെ സ്രഷ്ടാക്കൾക്ക് സമൂഹത്തോട് ഉത്തരവാദിത്വമുണ്ടാകണം. ഇന്നു പല സിനിമകളും നടത്തുന്നത് 'കലാകൊലപാതകങ്ങളാ'ണ്.

കൊലപാതകങ്ങൾ മാത്രമല്ല, സകലമാന തെമ്മാടിത്തരങ്ങളും ആരുമറിയാതെ എങ്ങനെ തന്ത്രപൂർവം ആവിഷ്കരിക്കാമെന്നാണു പല സിനിമകളും പുതിയ തലമുറയെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. സിനിമയെ സിനിമയായി കാണണമെന്നു പറയുന്നതൊക്കെ വെറുതെ. എത്രയോ ധൂർത്തപുത്രന്മാരാണ് ഇതിനോടകം പൊലീസിനുമുമ്പിൽ കൈകൂപ്പി ആ സിനിമയാണ് ഈ സിനിമയാണ് ഇതൊക്കെ ചെയ്യിച്ചതെന്നു പറഞ്ഞിരിക്കുന്നത്! ഇവർ പറയാതെ തന്നെ സമൂഹത്തിലേക്കു കണ്ണു തുറന്നുനോക്കിയാൽ ആർക്കും മനസ്സിലാക്കാവുന്ന കാര്യങ്ങളാണിതൊക്കെ.

ഏതായാലും, മാനുഷികമൂല്യങ്ങളിലുള്ള വിശ്വാസം പുതുതലമുറയ്ക്കു നഷ്ടപ്പെട്ടിരിക്കുന്നുവെന്നതു നിഷേധിച്ചിട്ടു കാര്യമില്ല. ഇവരിൽനിന്നാണു പുതിയ നിർമാതാക്കളും സംവിധായകരുമൊക്കെ പെറ്റുപെരുകിക്കൊണ്ടിരിക്കുന്നത്.

**ബാബു ജോസഫ്**
**മാന്നാനം**

### പഞ്ചായത്തുകളോട് പറയാതെ വയ്യാ

കേരളത്തിലെ പഞ്ചായത്തുകളിലെ പ്രമുഖ ടൗണുകളിൽ വാഹനപാർക്കിങ്ങിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങളൊന്നുമില്ല.

ഒരു കടയുടെ സമീപത്തൊന്നും വണ്ടികൾ നിറുത്തി സാധനങ്ങൾ വാങ്ങാൻ കഴിയുന്നില്ല. അടുത്തെങ്ങും പാർക്കിങ് ഗ്രൗണ്ടുകളുമില്ല. ഇതു മൂലം ടൗണുകളിലെ ചെറുകിട കച്ചവടക്കാർക്ക് വ്യാപാരം വൻതോതിൽ നഷ്ടപ്പെടുന്നുണ്ട്. അടുത്തുവരുന്ന പഞ്ചായത്ത് / മുനിസിപ്പൽ /കോർപറേഷൻ ഭരണസമിതികൾ അവരവരുടെ ടൗണുകളിൽ നല്ല വാഹനപാർക്കിങ് സൗകര്യം ഓഫർ ചെയ്യണം.

തിരഞ്ഞെടുപ്പു മാനിഫെസ്റ്റോ ഇക്കാര്യത്തിനു മാത്രമായി ഉണ്ടാക്കണം. ടൗണുകളിലെ പാർക്കിങ് പ്രശ്നം അടുത്ത കമ്മിറ്റികൾ പരിഹരിക്കണം. അടുത്ത വോട്ട് മെച്ചപ്പെട്ട പാർക്കിങ്സൗകര്യങ്ങൾ ചോദിച്ചാവട്ടെ.

**അഡ്വ. ഫിലിപ്പ്**
**പഴേമ്പള്ളി, പെരുവ**

### ലേഖനങ്ങൾ നിഷ്പക്ഷമാകണം

ദീപനാളത്തിലെ ലേഖനങ്ങളും കഥകളും കവിതകളുമെല്ലാം ശ്രദ്ധയോടെ വായിക്കുന്നു. രാഷ്ട്രീയാവലോകനങ്ങളും ലോകവാർത്തകളും മറ്റും പത്രമാധ്യമങ്ങളിലൂടെയും സോഷ്യൽമീഡിയ വഴിയും വായനക്കാർ മുമ്പേ മനസ്സിലാക്കിക്കഴിഞ്ഞതാണെങ്കിലും അവ സംഗൃഹീതമായി ലേഖനരൂപത്തിൽ ദീപനാളം അവതരിപ്പിക്കുന്നത് ഏറെ പ്രയോജനപ്രദമാണ്.

പലപ്പോഴും പത്രങ്ങളിലെ അടിച്ചുപരത്തിയ അവതരണങ്ങൾ അരോചകമാകുന്നിടത്ത് ദീപനാളത്തിലെ വിഷയത്തിലൂന്നിയും ഒതുങ്ങിയുമുള്ള ലേഖനങ്ങൾ വായിക്കാൻ പ്രേരിപ്പിക്കുന്നു. സോഷ്യൽമീഡിയാ ചാനലുകൾക്കു മാത്രമല്ല, മുഖ്യധാരാപത്രങ്ങൾക്കുപോലും വാർത്താവതരണത്തിൽ ഹിഡൻ അജണ്ടകൾ ഉണ്ടെന്നു നമുക്കറിയാം. ദീപനാളം അതിൽനിന്നു പൊതുവെ വ്യത്യസ്തത പുലർത്തുന്നുവെന്നതു സന്തോഷകരമാണ്. എങ്കിലും ചില ലേഖനങ്ങളിൽ എഴുത്തുകാരുടെ രാഷ്ട്രീയതാത്പര്യം കടന്നുവരുന്നില്ലേയെന്നു സംശയമുണ്ട്.

**ജോളി സിറിയക്**
**വാഴക്കുളം**



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും

6

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

**വി**ശാലിന്റെ ചിറ്റപ്പന്റെ വീട് കണ്ടുപിടിക്കാൻ, അത്ര ബുദ്ധിമുട്ടുണ്ടായില്ല. കോട്ടയം ടൗണിൽത്തന്നെയാണു വീട്.

വലിയ ഗേറ്റ് തുറന്ന് അകത്തേക്കു കയറിയപ്പോൾ കൂട്ടിൽ കിടക്കുന്ന നായ്ക്കൾ കുരയ്ക്കാൻ തുടങ്ങി, അതു കേട്ടിട്ട് അകത്തുനിന്ന് ഒരു അമ്മ ഇറങ്ങിവന്നു.

"വിശാലിന്റെ ചിറ്റപ്പന്റെ വീടല്ലേ?" ആശ ചോദിച്ചു.

"വിശാലിന്റെ കൂട്ടുകാരനും അമ്മയും അല്ലേ? അകത്തേക്കു വരൂ."

"അമ്മയുടെ പേരെന്താ?"

"ആശ."

"നിങ്ങൾ ഇരിക്കൂ, ഞാൻ ഹസ്ബന്റിനെ വിളിക്കാം."

അവർ അകത്തെ മുറിയിലേക്കു കയറിപ്പോയി. രണ്ടു മിനിറ്റിനുശേഷം, ചിറ്റപ്പൻ ഒരു നായ്ക്കുട്ടിയെയുംകൊണ്ട് പുറത്തുവന്നു.

അതു കണ്ടതേ പിങ്ക്ളാങ്കി ഓടിച്ചെന്ന് അതിനെ തൊട്ടു. അതാകട്ടെ, അവനെ നോക്കി ചിരിക്കുന്നതുപോലെ തോന്നി.

"ഇത് മെയിൽപപ്പിയാണ്. മൂന്നുമാസമായി, ആറാഴ്ചയായപ്പോൾ ഒരാൾ കൊണ്ടുപോയി. പക്ഷേ, അവർക്കു ട്രാൻസ്ഫറായി. നോക്കാനുള്ള ബുദ്ധിമുട്ടുകൊണ്ട് തിരികെക്കൊണ്ടുവന്നു."

"വിശാൽ എന്നോടു പറഞ്ഞു."

"മോൻ ഇരിക്കൂ." അതു പറഞ്ഞിട്ടു ചിറ്റപ്പൻ അവനെ പിങ്ക്ളാങ്കിയുടെ മടിയിൽവച്ചുകൊടുത്തു. എന്നിട്ട് അമ്മയോടായി പറഞ്ഞു:

"ഇവൻ കെന്നൽ ക്ലബ് സെർട്ടിഫൈഡ് ആണ്. ട്രൈ കളർ, ബ്ലാക്ക്, ബ്രൗൺ, വൈറ്റ്. ഇവന്റെ പേരെന്റ്സ് ഇവിടെ പുറത്തു കൂട്ടിലുണ്ട്."

"ഞങ്ങൾ വന്നപ്പോൾ കുരച്ചവരാണോ?"

"അതുതന്നെ..."

പിങ്ക്ളാങ്കി കുഞ്ഞിനെ തലോടുന്നപോലെ അവനെ തലോടി. ഒരു പഞ്ഞിക്കെട്ടുപോലെ...

"എത്ര വിലയാകും?"

ആ സമയം ആന്റി ജ്യൂസ് കൊണ്ടുവന്നു. ഐവാന് അവനെ താഴെവച്ചിട്ട് ജ്യൂസ് കുടിക്കാൻ തോന്നിയില്ല.


അവർ ചോദ്യം കേട്ടില്ല എന്നു കരുതി അമ്മ ഒന്നുകൂടി ചോദ്യം ആവർത്തിച്ചു.

"വില പറഞ്ഞില്ല."

"ഐവാൻ ഇത്ര ആഗ്രഹിച്ച് ഇവിടെവരെ നിങ്ങൾ വന്നതല്ലേ? പിന്നെ വിശാലിന്റെ ബെസ്റ്റ് ഫ്രണ്ടും. നിങ്ങൾക്ക് ഇഷ്ടമുള്ളതു തന്നാൽ മതി."

"ഞാൻ ഒരു പതിനായിരം കൊണ്ടുവന്നിട്ടുണ്ട്. എന്നാലും ഇവന്റെ പപ്പയെ ഒന്നു വിളിക്കട്ടെ?"

അമ്മ ഫോൺ എടുത്തു



പുറത്തേക്കു പോയപ്പോൾ ചിറ്റപ്പൻ പറഞ്ഞു:

"ഇവനെ നല്ലതുപോലെ നോക്കണം. ഭക്ഷണം, വാക്സിൻ ഒക്കെ ഞാൻ പറഞ്ഞുതരാം, നിങ്ങള് അത്ര ദൂരത്തല്ലല്ലോ താമസിക്കുന്നത്. ഞങ്ങളുടെ വെറ്റിനറി ഡോക്ടറുടെ നമ്പർ തരാം."

അമ്മ അപ്പോഴേക്കും ഉള്ളിലേക്കു വന്നു. പേഴ്സിൽനിന്നു പൈസ എടുത്തുകൊടുത്തു.

"ഒരു ഓട്ടോ പിടിച്ചു തരുമോ, ഐവാൻ ഓട്ടോയിൽ വന്നാൽ മതി സ്കൂട്ടിയിൽ ബുദ്ധിമുട്ടായിരിക്കും."

"ഓട്ടോയൊന്നും വേണ്ട, ഞാൻ ഇവനെ കാറിൽ കൊണ്ടുവിടാം."

അദ്ദേഹം മുറിയിലേക്കു കയറിപ്പോയി. ഒരു ചെറിയ കാർട്ടൺ ബോക്സ് എടുത്തുകൊണ്ടുവന്നു. അതിൽ തുണിയിട്ടു. പിന്നെ കഴുത്തിലിടാൻ ഒരു ബെൽറ്റും ലീഷും ബോക്സിൽ വച്ചു.

ആന്റിയോടു യാത്ര പറഞ്ഞു.

ചിറ്റപ്പന് അമ്മ വഴിപറഞ്ഞുകൊടുത്തു.

പിങ്ക്ളാങ്കി കാറിന്റെ പിൻസീറ്റിൽ കയറിയിരുന്നു. വണ്ടി ഓടിക്കുന്നതിന്റെയിടയിൽ അദ്ദേഹം ചോദിച്ചു:

"മോന് മൃഗങ്ങളെ ഇഷ്ടമാണ് ഇല്ലേ?"

"പപ്പയോടും അമ്മയോടും എത്ര നാളായി, ഒരു പെറ്റിനെ ചോദിക്കുന്നു, ഇപ്പോളാണ് സമ്മതിച്ചത്."

"ഇനി അഞ്ചാം ക്ലാസ്സിലേക്കല്ലേ പോകുന്നത്? പഠിത്തം ഉഴപ്പരുത് കേട്ടോ."

"ബീഗിളിനുള്ള ഫുഡ് എന്നു പറഞ്ഞാൽ മതി പെറ്റ്ഷോപ്പിൽ കിട്ടും. പാത്രവും കുറച്ചു ദിവസത്തെ ഭക്ഷണവും വണ്ടിയിലുണ്ട്. ഞാൻ എന്റെ നമ്പർ തരാം, എന്തെങ്കിലും സംശയമുണ്ടെങ്കിൽ വിളിച്ചാൽ മതി."

"ബീഗിളിന് ഏറ്റവും ആവശ്യം അറ്റെൻഷനാണ്, നമ്മള് മനുഷ്യരെപ്പോലെതന്നെ."

ഐവാൻ എല്ലാം ശ്രദ്ധിച്ചു കേട്ടു.

അമ്മ എത്തുന്നതിനുമുമ്പേ ചിറ്റപ്പനും ഐവാനും വീട്ടിലെത്തി, അമ്മയ്ക്കായി കാത്തുനിന്നു.

ആശ വന്നു വാതിൽ തുറന്ന് അകത്തുകയറി. ചിറ്റപ്പൻ അമ്മയോടായി പറഞ്ഞു:

"എന്തെങ്കിലും സംശയമുണ്ടെങ്കിൽ വിളിച്ചാൽ മതി." പോക്കറ്റിൽനിന്ന് ഒരു വിസിറ്റിങ് കാർഡ് എടുത്ത് അമ്മയുടെ കൈയിൽ കൊടുത്തിട്ട് അദ്ദേഹം പോകാനിറങ്ങി.

"ഇവന് ഒരു കൂടുണ്ടാക്കേണ്ടേ? പരിചയമുള്ള ആരെങ്കിലും ഉണ്ടെങ്കിൽ ഒന്നു പറഞ്ഞുതരുമോ?"

"ഞാൻ ഒരാളെ ഇങ്ങോട്ടു പറഞ്ഞുവിടാം."

ചിറ്റപ്പൻ പോയതും പിങ്ക്ളാങ്കി പട്ടിക്കുട്ടിയെ പുറത്തെടുത്തുവച്ചു, അവൻ മെല്ലെ ഓടാൻ തുടങ്ങി.

"പിപ്പിൻ, ഇവിടെ നോക്കൂ..."

'ഇതിനിടെ പേരും ഇട്ടോ?"

"പിങ്ക്ളാങ്കിക്കു ചേരുന്ന പേരല്ലേ പിപ്പിൻ?"

അമ്മ ചിരിച്ചതല്ലാതെ ഉത്തരമൊന്നും പറഞ്ഞില്ല.

ഫോൺ എടുത്തു പപ്പയെ വിളിച്ചു പേരിട്ട കാര്യമൊക്കെ പറഞ്ഞു.

പിങ്ക്ളാങ്കി അടുക്കളയിലേക്കു പോയി ഒരു പാത്രത്തിൽ പാലെടുത്തു കൊണ്ടുവന്ന് ചിറ്റപ്പൻ കൊണ്ടുവന്ന കവറിൽനിന്നു പാത്രമെടുത്തു കഴുകി പാല് ഒഴിച്ചുകൊടുത്തു.

പിപ്പിൻ അതു കുടിക്കുന്നത് ആത്മസംതൃപ്തിയോടെ നോക്കിനിന്നു.

അമ്മ കുറച്ചുനേരം ഒന്നു മാറിയിരുന്നെങ്കിൽ മാലാഖമാരെ പിപ്പിനെ പരിചയപ്പെടുത്താമായിരുന്നു.

"അമ്മേ, ഞാൻ പിപ്പിനെ വീടൊക്കെ കൊണ്ട് കാണിച്ചു കൊടുക്കട്ടെ?"

നടകയറി മുകളിലോട്ടു പോകുമ്പോൾ ആശ പറഞ്ഞു:

"ദേ, ഒരു കാര്യം, മുകളിലോട്ടു പോകുന്നതൊക്കെ കൊള്ളാം, ആ രൂപങ്ങൾ വച്ച മുറി തുറക്കരുത്."

പിങ്ക്ളാങ്കി പിറകിലോട്ടു നോക്കി, അമ്മയെ കണ്ണിറുക്കി കാണിച്ചു. അമ്മയുടെ ശബ്ദം കേട്ടിട്ടാണെന്നു തോന്നുന്നു, പിപ്പിനും അമ്മയെ ഒന്നു നോക്കി.

"കുറെ ദിവസമായി ആ മുറി ഒന്നു തൂത്തുവാരിയിട്ട്, നാളെയാകട്ടെ."

അവൻ ബാൽക്കണി തുറന്ന് പുറത്തേക്കു നോക്കി. അമ്മ ഫോണിൽ ആരോടോ സംസാരിക്കുന്ന ശബ്ദം കേൾക്കാം.

പിങ്ക്ളാങ്കി പതുക്കെ മാലാഖമാരുടെ മുറി തുറന്നു.

(തുടരും)

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

"**പൂ**ർവപദവും ഉത്തരപദവും സംസ്കൃതമാണെങ്കിൽ സംസ്കൃത രീത്യാ സന്ധി ചെയ്യണം. അതാണ് നിലവിലുള്ള നിയമം. ഏതെങ്കിലും സ്വരത്തിനു മുമ്പ് ഇ, ഉ, ഋ, ഌ (ഇലു) എന്നീ വർണങ്ങൾ വന്നാൽ, ഇവയ്ക്ക് യഥാക്രമം യ്, വ്, ര്, ല് എന്നീ മധ്യമങ്ങൾ ആദേശമായി വരും. ഇ – ഈ = യ്, ഉ – ഊ = വ്, ഋ – ൠ = ര്, ഌ – = ല് എന്നിങ്ങനെയാണ് ആദേശത്തിന്റെ ക്രമം. 'ഇകോ യണചി' (VI-I-77) എന്നാണതിന്റെ പാണിനീയസൂത്രം. ഇ യുടെ സ്ഥാനത്തിൽ യ്, ഉവിന്റെ സ്ഥാനത്തിൽ വ്, ഋ വിന്റെ സ്ഥാനത്തിൽ ര്,

## പ്രകൃത്യവസ്ഥകൾ

ഌവിന്റെ സ്ഥാനത്തിൽ ല് എന്നിങ്ങനെ യഥാസംഖ്യം ആദേശങ്ങൾ ഗ്രഹിച്ചുകൊള്ളണമെന്നാണ് സൂത്രാർഥം. സൂത്രത്തിൽ ഌ വും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഌ വിൽ അവസാനിക്കുന്ന ശബ്ദങ്ങൾ അസാധാരണങ്ങൾ ആകയാൽ നാം ഌ കാരസന്ധിക്ക് ഉദാഹരണം തേടി വിഷമിക്കേണ്ട എന്നും പാണിനീയ പ്രദ്യോതകാരനായ ഐ.സി. ചാക്കോ വ്യക്തമാക്കിയിട്ടുണ്ട്.* ഇവ ഉദാഹരിച്ചു സമർഥിക്കാം.

*പ്രകൃതി + അവസ്ഥകൾ = പ്രകൃത്യവസ്ഥകൾ. പ്രകൃതിയുടെ അവസ്ഥകൾ എന്നർഥം. ഭൂമി, ജലം, അഗ്നി, വായു, ആകാശം, മനസ്സ്, ബുദ്ധി, അഹങ്കാരം എന്നീ എട്ടെണ്ണമാണ് പ്രകൃത്യവസ്ഥകൾ. 'പ്രകൃത്യവസ്തകൾ', 'പ്രകൃത്യാവസ്ഥകൾ' എന്നീ രൂപങ്ങൾ തെറ്റാണ്. ഉച്ചാരണത്തിലും എഴുത്തിലും അവ ഒഴിവാക്കണം. പ്രകൃതി + അനുസരണം = പ്രകൃത്യനുസരണം. പ്രകൃതിക്ക് അനുസരിച്ച്; പ്രകൃതിയെ അനുസരിക്കൽ എന്നെല്ലാം അർഥവും വരും.

പ്രകൃതി + അതീതം → പ്രകൃത് + യ് + അതീതം = പ്രകൃത്യതീതം; മനു + അന്തരം → മന് + വ് + അന്തരം = മന്വന്തരം; പിതൃ + അധികാരം → പിത് + ത് + ര് + അധികാരം = പിത്രധികാരം. ബുദ്ധി + ഉപദേശം = ബുദ്ധ്യുപദേശം, അണു + ആയുധം = അണ്വായുധം, വധു + ഇംഗിതം = വധ്വിംഗിതം, ജനിതൃ + ഈ = ജനിത്രി, മാതൃ + ഉപദേശം = മാത്രുപദേശം എന്നിങ്ങനെയാണ് സന്ധി ചെയ്യേണ്ടത്. പകരം പിരിച്ചെഴുത്തുരൂപങ്ങളെ പ്രോത്സാഹിപ്പിച്ചാൽ സമാസബോധം നഷ്ടപ്പെടും.

*ചാക്കോ, ഐ.സി. പാണിനീയപ്രദ്യോതം അഥവാ പാണിനിസൂത്രങ്ങളുടെ മലയാളവ്യാഖ്യാനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012, പുറം – 46.

## അപേക്ഷ ക്ഷണിക്കുന്നു

പാലാ: പാലാ – പൊൻകുന്നം റൂട്ടിൽ വാഴേമഠത്തിനുസമീപം സ്ഥിതി ചെയ്യുന്ന, കേന്ദ്ര–സംസ്ഥാനഗവൺമെന്റുകളുടെ അംഗീകാരമുള്ള എസ്.എച്ച്. പ്രീ–പ്രൈമറി ടീച്ചർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, നേഴ്സറി ടീച്ചേഴ്സ് എജ്യൂക്കേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. പ്ലസ് ടു വിന് 45% മാർക്ക് വാങ്ങിയ, 33 വയസ്സിനു താഴെ പ്രായമുള്ളവരിൽനിന്ന് നിശ്ചിതഫോമിൽ തയ്യാറാക്കിയ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. ബന്ധപ്പെടേണ്ട നമ്പർ: 8590934227, 9961424971.

നോവൽ 17

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

വണ്ടൻമേട്ടിൽനിന്ന് കൊച്ചുപ്പാപ്പൻ മടങ്ങിയെത്തിയിട്ട് ലിസിയും വീട്ടുകാരും മാത്രമറിഞ്ഞില്ല. ലിസി നെരിപ്പോടിൽ വീണ് അന്നു പൊള്ളിമരിക്കേണ്ടതായിരുന്നു. ആ രാത്രിയിൽ കൊച്ചുപ്പാപ്പൻ ആ തറവാട്ടിൽ, മറിയക്കുട്ടിക്കൊച്ചമ്മയോടൊപ്പം കിടന്ന്, പോത്തുപോലെ ഉറങ്ങുന്നുണ്ടായിരുന്നുവത്രേ.

കൊച്ചുപ്പാപ്പൻ കൊണ്ടുവന്ന ഓറഞ്ചിന്റെയും നെല്ലിക്കയുടെയും കാപ്പിക്കുരുവിന്റെയും വീതം പറ്റിയ ചെല്ലമ്മയും സരസമ്മയുമൊക്കെ മൂക്കത്തു വിരൽവച്ചു.

ചെല്ലമ്മ തീരെ കുഞ്ഞായിരിക്കുമ്പോൾ ചെല്ലമ്മയുടെ അമ്മ മരിച്ചുപോയതാണ്. അമ്പലത്തിലെ വെളിച്ചപ്പാടായ അച്ഛൻ, തങ്കപ്പച്ചാര് മറ്റൊരു കൊച്ചുപെണ്ണിനെയും കെട്ടി ജീവിച്ചു. ചെല്ലമ്മയും അനിയന്മാരും ആശ്രയമറ്റവരായി ഒത്തിരി കഷ്ടപ്പെട്ടു.

അച്ഛൻ രണ്ടാംകെട്ടിലുണ്ടായ മക്കളെയും സംരക്ഷിച്ചില്ല. ആ ബന്ധത്തിലെ ഒന്നും രണ്ടും പേരല്ല, ഒമ്പതു കുഞ്ഞുങ്ങൾ മരണത്തിനധീനരായി.

അച്ഛന്റെ കുടുംബസ്വത്തിൽനിന്ന് രണ്ടാം ഭാര്യയ്ക്കും മകനും യാതൊന്നും നല്കിയതുമില്ല.

കുടുംബസ്വത്ത് ചെല്ലമ്മയുടെ പേർക്ക് എഴുതിവച്ചു. വീടും വീടിനോടു ചേർന്ന അരയേക്കറും ചെല്ലമ്മ എടുത്തു. ബാക്കി അനിയന്മാരുടെ പേരിലാക്കി. അനിയന്മാർ അവകാശം പറഞ്ഞു വരാത്തതിനാൽ ചെല്ലമ്മയാണ് മൊത്തം മേലാദായവും എടുത്ത് കൈകാര്യം ചെയ്യുന്നത്. അനിയന്മാരിൽ ഒരാൾ ഗുജറാത്തിലും ഒരാൾ മഹാരാഷ്ട്രയിലുമാണ്. അവർ അവധിക്കു വരുമ്പോൾ താമസിക്കുന്നത് ചെല്ലമ്മയോടൊപ്പമാണ്. അമ്മയ്ക്കു തുല്യമായി ആ സഹോദരന്മാർ ചെല്ലമ്മയെ കാണുന്നു.

ലിസിയുടെ തറവാടിനോട് അടുപ്പമുണ്ടെന്നതൊഴിച്ചാൽ ചെല്ലമ്മയ്ക്ക് ഈ അനീതികളൊന്നും തീരെ പിടിച്ചില്ല. ചെല്ലമ്മയുടെ ഭർത്താവ് പട്ടാളത്തിൽ കുശിനിക്കാരനാണ്. അയാൾ അയച്ചുകൊടുക്കുന്ന പണം കിറുകൃത്യമായി ഉപയോഗിച്ച്, അല്പം മിച്ചിച്ചെടുത്തിട്ടാണ് അവരുടെ പെൺമക്കൾക്ക് പൊന്നും പണ്ടവും ഉണ്ടാക്കുന്നത്. ലിസിയുടെ തറവാട്ടുകാരറിയാതെ ചെല്ലമ്മയ്ക്കു ലഭിച്ച ഓറഞ്ചും നെല്ലിക്കയും കാപ്പിക്കുരുവുമൊക്കെ ലിസിയുടെ വീട്ടിലവർ നല്കി.

''വളരുന്ന പ്രായത്തിൽ, പെങ്കുഞ്ഞുങ്ങളുടെ വയറു വിശക്കാൻ പാടില്ല. നാണം നിമിത്തം അവര് ആരോടും പറയാതെ അവരുടെ മനംവിങ്ങിപ്പൊട്ടും. എന്റെ കുഞ്ഞന്നാമ്മേ, എന്റെ കുഞ്ഞുപ്രായത്തിൽ ഇത്തിരിപ്പോന്ന രണ്ടനിയന്മാരേംകൊണ്ട് ഞാനൊത്തിരി കരഞ്ഞതാണേ, പെങ്കുഞ്ഞുങ്ങടെ വിശപ്പിന്റെ യാഴം എനിക്കറിയാണ്ടിരിക്കോ."

"അതു ചെല്ലമ്മേ ഇപ്പം പിള്ളേർക്ക് വല്യ അല്ലലൊന്നുമില്ല. ആട്ടിൻപാലും പശുവിൻപാലും കോഴിമൊട്ടേമൊക്കെ കണക്കിനു തിന്നുന്നുണ്ട്, പിന്നെ മെലിഞ്ഞുതൊലിഞ്ഞിരിക്കുന്നതവരുടെ പാരമ്പര്യമാ. റോയിച്ചൻ ഇച്ചിരെ കാശയക്കുന്നുണ്ട്, മേഴ്സിക്കും അത്യാവശ്യത്തിനിച്ചിരെ കിട്ടുന്നൊണ്ട്, പിന്നെ ലിസിമോടെ കൈയിലിച്ചിരി കൂടുതലു കിട്ടുന്നൊണ്ട്, പിള്ളേർക്ക് അല്ലലില്ലാതെ പഠിക്കാനും ഒരുങ്ങി നടക്കാനും അത്രയൊക്കെ മതിയിപ്പം. ചെല്ലമ്മയ്ക്ക് തന്നതല്ലേ, അതെടുത്തോളൂ. തറവാട്ടുപറമ്പിൽ എന്തുമാത്രം കാപ്പിച്ചെടികളുണ്ട്, നിറയെ കായ്ക്കുന്നത്. നീറുകടികൊണ്ട്, പറിച്ചുകൊടുക്കാൻ എന്റെ ജാക്സനും സുമയുമൊക്കെ വേണം. എന്നാലൊന്നനത്തിക്കുടിക്കാൻ രണ്ടുകുരുതരില്ല. പണ്ടൊക്കെ എന്നെ വിളിക്കും, ഉരലിലിട്ട് അവച്ചുകൊടുക്കാനും വറക്കാനും. എന്നിട്ടാ തൊലി തന്നുവിടും, കാപ്പിയനത്താൻ നല്ലതാന്നു പറഞ്ഞ്. എന്റെ ഗതികേടിന് ഉലുവയും ജീരകവും ഒക്കെയിട്ട് വറുത്ത് ഞാൻ കാപ്പിയനത്തിയിട്ടുണ്ട്. പിന്നെ ബേബിച്ചൻ വഴക്കുണ്ടാക്കി അനത്തിയ കാപ്പി തട്ടിമറിച്ചുകളഞ്ഞ്, ഞാനാ പരിപാടിയങ്ങുപേക്ഷിച്ചു."

"നിങ്ങളോടെന്തിനാ ഇത്രയും പോര് എടുക്കുന്നതെന്നാ ആർക്കും മനസ്സിലാകാത്തേ."

"കരോട്ടുചെന്നു പറയുവേലേൽ ഞാമ്പറയാം, കൂട്ടിച്ചോദ്യോം വഴക്കുമൊന്നും മേലാ."

"കുഞ്ഞന്നാമ്മ ധൈര്യായിട്ട് പറ ഞാനങ്ങോട്ടു പറയാനൊന്നും പോകില്ല. പാലും ചാണകോം,നടീലിനുള്ള വിത്തുകളും ചേനയുമൊക്കെ കാശെണ്ണിക്കൊടുത്തു വാങ്ങും അത്രതന്നേ, പിന്നെ മറിയക്കുട്ടിക്ക് പെണ്മക്കളില്ലാത്തതിനാൽ എന്റെ പുഷ്പേം ഗിരിജേം വന്ന് കുറേ കളിപ്പിക്കും. കളിപ്പിച്ചുകളിപ്പിച്ച് മക്കൾ പൊങ്ങാണ്ടായെന്നാ, കുട്ട്യോളുടച്ഛൻ പറയുന്നത്."

"വണ്ടന്മേട്ടിലെ സ്ഥലത്തീന്ന് ഒന്നരയേക്കർ തരാമെന്നും അങ്ങോട്ടുപോയി താമസിക്കണമെന്നും. പകരം ഈ വീടും സ്ഥലവും കുഞ്ഞവറാച്ചന് എഴുതിക്കൊടുക്കണമെന്ന്."

"ശ്ശെടാ, അത്യാഗ്രഹം കൊള്ളാല്ലോ അല്ലേ?"

''അത്ര മണ്ടന്മാരാണോ ചെല്ലമ്മേ, നമ്മൾ. ഞാമ്പറഞ്ഞു; വണ്ടന്മേട്ടിലെ ഏഴേക്കർ മുഴുവൻ തന്നാലും ഈ വീടുവിട്ടിറങ്ങില്ലെന്ന്. കാരണം, ഇവിടെ മുട്ടില്ലാതെ വെള്ളം, കരണ്ട്, പിന്നെ റോഡ്, പള്ളി, പള്ളിക്കൂടങ്ങൾ, ആശുപത്രി എല്ലാ സൗകര്യോമില്ലേ, ഇച്ചാച്ചനാണേൽ തണുപ്പൊട്ടും മേലാ, പണ്ടവിടെപ്പോയി പണിത് വലിവുരോഗിയായിട്ടാ മടങ്ങിവന്നത്.."

"ആ... അതിന്റെ ഏനക്കേടാ ഈ പോരു മുഴുവൻ. ഇപ്പക്കാര്യം പിടികിട്ടി. ചെല്ലട്ടേ, നാളെമുതൽ രണ്ടുനേരോം എനിക്കു പാലു വേണം."


"അതെന്നാ കരോട്ടെ പാല് വേണ്ടെന്നുവച്ചോ?"

''ഇവിടത്തെ പശുക്കളെ കുളിപ്പിക്കുന്നപോലെ തേച്ചുകുളിപ്പീരൊന്നുമില്ല, അവരവിടെ. ഞാൻ കാണാറൊള്ളതല്ലേ, ആ വേലക്കാരൻ മണിയഞ്ചെറുക്കൻ ചുമ്മാ പശൂന്റെമേത്ത് കൊറേ വെള്ളംകോരിയൊഴിക്കും, അത്രതന്നേ. പിള്ളേർക്ക് പാലിന്റെ മണമൊട്ടു പിടിക്കുന്നുമില്ല. കുട്ടഞ്ചെറുക്കൻ പറഞ്ഞു; ബേബിമാപ്പിളേം കുഞ്ഞന്നാമ്മേമൊക്കെ തൊണ്ടും കയറുമൊക്കെ വച്ച് എന്നും പശുക്കളെ തേച്ചുകുളിപ്പിക്കുമെന്ന്."

ചെല്ലമ്മച്ചേച്ചിക്ക് പാലു കിട്ടാനുള്ള ഈ സുഖിപ്പീര് അമ്മയ്ക്കങ്ങിഷ്ടമായി. ചെല്ലമ്മ പോയിക്കഴിഞ്ഞ് അമ്മ പറഞ്ഞു: "ചെല്ലമ്മ ഡീസന്റാണ്, എല്ലാമാസോം അഞ്ചാന്തീക്കകം കൃത്യമായി പൈസാ കിട്ടിക്കോളും, എല്ലാം കൂടെ കൂട്ടിവച്ച് സുമയ്ക്കൊരു ഞാത്തുകമ്മലു പണീച്ചുകൊടുക്കണം."

ഒരുദിവസം പാറേലമ്മ വീട്ടിൽ വന്നു, ഒരു കല്യാണാലോചനയുമായി. ആ അമ്മ മുഖവുരയൊന്നുമില്ലാതെ പറഞ്ഞു; എന്റെ അനിയത്തി പെണ്ണമ്മേടെ മോൻ ഷിപ്പേലാ ജോലി. എൻജിനീറാ. ഇച്ചിരി കറുത്തിട്ടാണേലും അവനെക്കാണാൻ നല്ലയഴകാ. അപ്പൻ കുഞ്ഞിലേ മരിച്ചുപോയി. അമ്മയുടെ ഏകമകനാണ്. അഞ്ചേക്കർ സ്ഥലവും സുന്ദരമായ ഒരു വീടുമൊണ്ട്. അവർക്ക് പൊന്നും പണവും പഠിപ്പിന്റെ പത്രാസുമുള്ള പെണ്ണിനെ വേണ്ടാ. വല്യപ്പന്റെ കൈയിൽ കൊച്ചുമോനുവേണ്ടി ഇനീം ഇട്ടുമൂടാനുള്ള സ്വത്തുണ്ട്. പെണ്ണ് സ്വഭാവത്തിലും പെരുമാറ്റത്തിലും നല്ലതായിരിക്കണം, കാണാനും നല്ല അഴകായിരിക്കണം, കൂടെക്കൊണ്ടു നടക്കുമ്പം ആരും കുറ്റം പറയല്ല്. പെണ്ണമ്മേടെ കാലശേഷം എല്ലാം നോക്കിനടത്താൻ നല്ല ഒരു പെങ്കൊച്ചിനെ മതി. ഇന്നാള് ലിസിക്കുട്ടിയറിയാതെ, പെണ്ണമ്മേം തമ്പാച്ചനേം ലിസിമോളെ ഞാൻ കാണിച്ചുകൊടുത്തു, കണ്ടിട്ടവർക്കിഷ്ടായി."

അമ്മയുടെ മുഖം മങ്ങി.



"അയ്യോ മേഴ്സിമോളു നിയ്ക്കേ ലിസിമോളേ കെട്ടിക്കോ, ഇല്ല. മേഴ്സിക്ക് ആലോചിക്കാം."

"വേണ്ടാ മേഴ്സിമോക്കു നമ്മക്കു വേറേ ആലോചിക്കാം. മേഴ്സി നല്ല വെളളയല്ലേ, ഇവനിച്ചിരി കറുത്തിട്ടാ, ഇരുനിറം അതായത് ഇവിടത്തെ ബേബിച്ചന്റെ നിറം."

മേഴ്സി മറഞ്ഞുനിന്ന് എല്ലാം കേൾക്കുന്നുണ്ടായിരുന്നു. മേഴ്സിയുടെ മുഖം വിവർണമായി.

അമ്മ വിവരം അപ്പനെ അറിയിച്ചു.

''അതെങ്ങനെയാ മൂത്തതു നിയ്ക്കെ, ഇളേതിനേ, അവർക്കത്ര വെളിവില്ലേ?"

"അയ്യോ അങ്ങനെയൊന്നും പറയല്ലേ, നമ്മുടെ നന്മയ്ക്കു വേണ്ടിയല്ലേ അവരു പറഞ്ഞത്."

''കൈയിലാണേൽ വെഷം തിന്നാൻ കാശില്ല, അതിനിടയിലാ മൂത്തതിനെ നിർത്തിക്കോണ്ട്, പോ വേറെ വല്ല പണീം നോക്ക്."

അമ്മ അഭിപ്രായപ്പെട്ടു: "ഒരു കാര്യം ചെയ്യാം നല്ലതാണേൽ നമുക്കിതങ്ങ് വാക്കു പറഞ്ഞുറപ്പിച്ചിടാം. ലിസിമോക്കു ഭാഗ്യമുണ്ടെങ്കിൽ നടക്കട്ടേ,'' ദിവസങ്ങൾ ആരുടെയും ചൊല്പടിക്കു കാത്തുനില്ക്കാതെ ഓടിയകന്നു കൊണ്ടിരുന്നു.

ലിസി നാലു കിലോമീറ്റർ അകലെയുള്ള സാരംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ റ്റ്യൂട്ടറായി ജോലി നോക്കിക്കൊണ്ടിരുന്നപ്പോൾത്തന്നെ അവൾക്കു കൂടുതൽ ശമ്പളത്തിൽ അയലത്തുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടിൽ മെച്ചപ്പെട്ട ശമ്പളത്തിന് പഠിപ്പിക്കാൻ കിട്ടി. അവളാണവിടുത്തെ പ്രിൻസിപ്പൽ. ജോബ് വർക്കിന്റെ പകുതിയും നല്ല സാലറിയും കിട്ടിത്തുടങ്ങി.

പള്ളിസമാജത്തിലെ സെക്രട്ടറിസ്ഥാനം അവൾ മേഴ്സിക്കു വിട്ടുകൊടുത്തു.

ഒപ്പം, നാട്ടാരുടെ കൂട്ടായ്മയാൽ ഉണ്ടാക്കിയ നവോദയാ വനിതാസമാജത്തിലെ ജോയിന്റ് സെക്രട്ടറിസ്ഥാനവും വിവിധ സംഘടനകളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട, നാഷണൽ അഡൽട്ട് എജ്യൂക്കേഷന്റെയും കാൻഫെഡിന്റെയും സാക്ഷരതാ റ്റീച്ചർ സ്ഥാനവും അവളുപേക്ഷിച്ചു. ഇത്രകാലവും സർക്കാരിൽനിന്നോ, സംഘടനകളിൽനിന്നോ അഞ്ചിന്റെ തുട്ടുപോലും കൈപ്പറ്റാതെ അവൾ പ്രായഭേദമെന്യേ ധാരാളംപേരെ എഴുതാനും വായിക്കാനും ഒപ്പിടാനും പഠിപ്പിച്ചു. വൃദ്ധർക്കൊപ്പം പഠിപ്പു മുടങ്ങിയ ചെറുപ്പക്കാരും വന്നു. പഠിക്കാൻ ആൾക്കാരെ സംഘടിപ്പിച്ചത് അവരുടെ ഓരോരുത്തരുടെയും ഭവനസന്ദർശനം നടത്തിയാണ്. സമാജ സെക്രട്ടറി മേരിക്കുട്ടിറ്റീച്ചറും അവൾക്കൊപ്പം കുറെ വെയിലും മഴയും കൊണ്ടിട്ടുണ്ട്.

ഇപ്പോൾ ജീവിതത്തിൽ ഒരു നിലയും വിലയും കൈവന്നിട്ടുണ്ട്. കഷ്ടപ്പാടിന്റെ ദിനങ്ങൾ സ്മരണയിൽ ജ്വലിച്ചുനിന്നു.

മേഴ്സിയും ലിസിയും അയലത്തെ വത്സമ്മയും സരസക്കുട്ടിയുമൊക്കെ വീടുതോറും നടന്ന് വനിതാസമാജത്തിലേക്ക് ആളെക്കൂട്ടി. ഓരോ വീട്ടിലും ചെല്ലുമ്പോൾ സരസക്കുട്ടി ആമുഖമായി പറയും: "നമ്മുടെ നാട്ടിൽ ഒരു വനിതാസമാജം വന്നാൽ, നല്ല രീതിയിൽ അതു മുന്നോട്ടു പോയാൽ നിങ്ങളുടെ മക്കൾക്ക് പാലും ഉപ്പുമാവും ഒക്കെ കിട്ടും. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരങ്ങളും വിറ്റമിൻഗുളികളും കിട്ടും, ബാലവാടി വരും, അതിൽ കുട്ടികളെ ഫീസില്ലാതെ പഠിപ്പിക്കാം," ജോലിയില്ലാത്ത സ്ത്രീകൾക്ക് തുച്ഛമായ ഫീസിൽ തയ്യലു പഠിക്കാം. അങ്ങനെ നാട്ടുകാരെ ബോധവത്കരണം നടത്താൻ അലഞ്ഞതിന് ഒരു കണക്കുമില്ല.

നാട്ടുകാരോടു പിരിവെടുത്ത്, സ്ഥലംവാങ്ങി, ശ്രമദാനം നടത്തി, ഒരുപാട് മണ്ണുചുമ്മി സാമൂഹിക ക്ഷേമവകുപ്പിന്റെ സഹായത്തോടെ നിർമ്മിച്ചതാണ് ആ വനിതാ സമാജം. ആ സമാജത്തിനു പേരിട്ടത് സരസക്കുട്ടിയാണ്.

ശേഷം 12-ാം പേജിൽ



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

# ദൗത്യസംഘത്തെക്കുറിച്ചുള്ള ചർച്ച ബാലിശം

പഹൽഗാം ഭീകരാക്രമണത്തിന് ഇന്ത്യ തിരിച്ചടി നൽകിയത് ഓപ്പറേഷൻ സിന്ദൂർ എന്ന സൈനികനടപടിവഴിയാണ്. പാക്കിസ്ഥാൻപിന്തുണയോടെയാണ് ഭീകരാക്രമണമുണ്ടായത് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് അതിർത്തി കടന്ന് ഭീകരകേന്ദ്രങ്ങൾ ആക്രമിച്ചു നൂറിലധികം ഭീകരരെ ഇന്ത്യ വകവരുത്തിയത്. ഓപ്പറേഷൻ സിന്ദൂറിൽ 40 പാക് സൈനികർക്ക് ജീവൻ നഷ്ടപ്പെട്ടു. പിടിച്ചു നിൽക്കാനാവില്ലെന്നു കണ്ടപ്പോൾ പാക്കിസ്ഥാൻ വെടിനിറുത്തലിന് ഇന്ത്യയോടു യാചിച്ചു. അന്താരാഷ്ട്രമര്യാദകൾ പാലിക്കുന്ന ഇന്ത്യ ആക്രമണം അവസാനിപ്പിച്ചു. എങ്കിലും, ഭീകരതയ്ക്കെതിരേ രാജ്യം പോരാട്ടം തുടരുമെന്ന സന്ദേശം ലോകത്തെ അറിയിക്കുന്നതിന് കേന്ദ്ര സർക്കാർ ഏഴ് സർവകക്ഷിസംഘങ്ങളെ രൂപീകരിച്ചു. സംഘത്തിൽ 59 പ്രതിനിധികളുണ്ട്. അതിൽ എട്ടു പേർ മുൻ അംബാസിഡർമാരാണ്. സംഘം 32 രാജ്യങ്ങൾ സന്ദർശിക്കും.

സർവകക്ഷിസംഘങ്ങളുടെ വിദേശയാത്ര ഉല്ലാസയാത്രയല്ല. വ്യക്തമായ ലക്ഷ്യത്തോടെയുള്ള സന്ദേശയാത്രയാണ്. ഇന്ത്യയുടെ നിലപാട് വ്യക്തമാക്കാനും യശസ്സുയർത്താനും ആ യാത്ര ഉപകരിക്കും. ഇന്ത്യ യുദ്ധം ആഗ്രഹിക്കുന്നില്ല. സമാധാനമാണ് ഇന്ത്യയുടെ ലക്ഷ്യം. എന്നാൽ, ഭീകരപ്രവർത്തനത്തിലൂടെ രാജ്യത്തിന്റെ ഭരണകൂടത്തെ അസ്ഥിരപ്പെടുത്താനും വികസനത്തെ തടയാനും സമാധാനാന്തരീക്ഷം തകർക്കാനും ആളുകളിൽ ഭീതിയും വിശ്വാസക്കുറവും ജനിപ്പിക്കാനും ശ്രമിക്കുന്ന പ്രതിലോമശക്തികളെ അമർച്ച ചെയ്യാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്നു സർവകക്ഷിസംഘം ലോകത്തെ അറിയിക്കും. ഭീകരതയ്ക്കെതിരേ കൂടുതൽ രാജ്യങ്ങളെ അണിചേർക്കുകയും ഓപ്പ



റേഷൻ സിന്ദൂറിന് അന്താരാഷ്ട്ര പിന്തുണനേടുകയും ചെയ്യുക എന്ന ലക്ഷ്യം ദൗത്യസംഘത്തിനുണ്ട്. രാഷ്ട്രത്തലവന്മാർ, നയതന്ത്രപ്രതിനിധികൾ, സൈനികമേധാവികൾ, രാഷ്ട്രീയനേതാക്കന്മാർ, മാധ്യമപ്രതിനിധികൾ തുടങ്ങിയവരുമായുള്ള കൂടിക്കാഴ്ച ശാന്തവും വികസിതവുമായ ഒരു രാഷ്ട്രനിർമിതിക്കു സഹായകമാകും.

സർവകക്ഷിസംഘത്തെ നിശ്ചയിച്ചതും നിയമിച്ചതും കേന്ദ്ര സർക്കാരാണ്. ഇത്തരത്തിലുള്ള സമിതികൾ രാജ്യത്ത് ആദ്യത്തേതല്ല. പ്രതിനിധിസംഘം സംസാരിക്കുന്നത് രാജ്യത്തിനുവേണ്ടിയിട്ടാണ്. എങ്കിലും ഭരിക്കുന്ന സർക്കാരിന് അതിന്റെ പ്രയോജനമുണ്ടാകും. അതുകൂടി മുന്നിൽ കണ്ടാണ് സംഘാംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. ആഴമായ അറിവും ആശയവിനിമയശേഷിയുമുള്ളവരാണ് ദൗത്യസംഘത്തിലുണ്ടാവുക. കേരളത്തിൽനിന്ന് ശശി തരൂരും ജോൺ ബ്രിട്ടാസും ഇ.ടി. മുഹമ്മദ് ബഷീറുമൊക്കെ ദൗത്യസംഘത്തിന്റെ ഭാഗമായത് സ്വാഭാവികം മാത്രം. അവരുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചാണ് കശപിശ ചർച്ചകൾ നടന്നത്. പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനുമുമ്പ് രാഷ്ട്രീയപാർട്ടികളോട് അഭിപ്രായം ആരായണമെന്നാണ് പല രാഷ്ട്രീയപാർട്ടികളും അഭിപ്രായപ്പെട്ടത്. ദൗത്യസംഘത്തെ നിശ്ചയിക്കാനുള്ള അവകാശം കേന്ദ്രസർക്കാരിനു തന്നെയാണ്. പാർട്ടിയോടു ചോദിച്ചാൽ അവർ നിർദേശിക്കുന്ന പ്രതിനിധികൾ ആ ദൗത്യത്തിനു യോജിക്കുന്നവരായിക്കൊള്ളണമെന്നില്ല. പാർട്ടിനേതാക്കന്മാർക്കു പാദസേവ ചെയ്യുന്നവർക്കാണ് അവർ അവസരം നൽകുക. അങ്ങനെയുള്ളവരെക്കൊണ്ട് ഈ ദൗത്യം വിജയകരമായി പൂർത്തിയാക്കാനാവില്ലെന്നറിയാവുന്നതുകൊണ്ടാണ് കേന്ദ്രസർക്കാർ നേരിട്ട് നിയമനം നടത്തുന്നത്. അതിൽ പാർട്ടിനേതാക്കന്മാർ അസഹിഷ്ണുത കാണിക്കുന്നത് അവരുടെ അല്പത്തരത്തിന്റെ സൂചനയാണ്.

രാജ്യത്തെ പ്രഗല്ഭരെല്ലാം ഭരണകക്ഷിയുടെ ഭാഗത്താണെന്ന ചിന്ത ശരിയല്ല. കരുത്തന്മാർ പല പാർട്ടികളിലായി ചിതറിക്കിടക്കുകയാണ്. തിരഞ്ഞെടുപ്പിൽ ജയിച്ചതുകൊണ്ടു മാത്രം ഒരാൾ കരുത്തനാവുകയോ തോറ്റതുകൊണ്ടുമാത്രം ഒരാൾ ദുർബലനാവുകയോ ചെയ്യുന്നില്ല. സ്ഥാനാർഥികൾ പാർട്ടിക്കാരുടെ ഇടപെടലുകൾകൊണ്ട് തോറ്റ ചരിത്രവും പലർക്കുമറിയാം.

ഡോക്ടർ ശശി തരൂർ ഏതു പാർട്ടിക്കാരനാണെന്നു നോക്കിയല്ല അദ്ദേഹത്തെ പ്രധാനപ്പെട്ട ദൗത്യസംഘത്തിന്റെ തലവനാക്കിയത്. ഒരുപക്ഷേ, ആ പദവിക്ക് രാജ്യത്തെ ഏറ്റവും യോഗ്യനായ വ്യക്തി അദ്ദേഹംതന്നെയാണ്. അദ്ദേഹത്തിന്റെ പാണ്ഡിത്യം ഏതെങ്കിലുമൊരു വിഷയത്തിൽ ഒതുങ്ങുന്നതല്ല. അത്തരം വിദഗ്ധർ പലരുണ്ടാകാം. എന്നാൽ, ദേശീയ അന്തർദേശീയ വിഷയങ്ങളിലും നയതന്ത്ര മേഖലയിലും ഇത്രമാത്രം ഗഹനമായ പാണ്ഡിത്യമുള്ള മറ്റൊരാളെ കണ്ടെത്തുക എളുപ്പമല്ല. അദ്ദേഹത്തിന്റെ ലോകപരിചയത്തെ ചെറുതായി കാണാനാവില്ല. യു.എൻ. ലെ മുൻ ഉദ്യോഗസ്ഥനെന്ന പദവി ലോകരാജ്യങ്ങളുമായും ലോകനേതാക്കന്മാരുമായുമുള്ള അദ്ദേഹത്തിന്റെ ബന്ധം വിശാലമാക്കി. മാത്രവുമല്ല, വിദേശകാര്യസ്റ്റാൻഡിങ് കമ്മിറ്റിയുടെ ചെയർമാനും അദ്ദേഹമാണ്. ചുരുക്കിപ്പറഞ്ഞാൽ മുഖവുര ആവശ്യമില്ലാതെ ആരുടെ മുമ്പിലും അവതരിപ്പിക്കാൻ കഴിയുന്ന ഒരാളാണ് ശശി തരൂർ. ഉള്ളടക്കത്തിൽ മാത്രമല്ല, അവതരണത്തിലും അദ്ദേഹത്തിന്റെ മികവ് അസാധാരണമാണ്.

ഓപ്പറേഷൻ സിന്ദൂറിനെക്കാൾ ഇപ്പോൾ സാമൂഹികമാധ്യമങ്ങളിൽ ചർച്ചയാകുന്നത് വിവിധ വേദികളിൽ ഈ വിഷയത്തിൽ ശശി തരൂർ നടത്തിയ പ്രഭാഷണങ്ങളാണ്. ഭീകരപ്രവർത്തനങ്ങൾക്കെതിരേ ഇന്ത്യയുടെ നിലപാട് അനുകരണീയമാണെന്നു ലോകരാഷ്ട്രങ്ങളെക്കൊണ്ടു സമ്മതിപ്പിക്കാൻ ദൗത്യസംഘത്തിനു സാധിച്ചിട്ടുണ്ട്. ഇന്ത്യയുടെ ശക്തിയും ജനാധിപത്യത്തിന്റെ കെട്ടുറപ്പും വ്യക്തമാക്കുന്നതിന് ദൗത്യസംഘത്തിന്റെ സന്ദേശയാത്ര പ്രയോജനപ്പെട്ടു. ■

# കാറ്റിന്റെ മർമരങ്ങൾ

11-ാം പേജ് തുടർച്ച

അവർ നല്കിയ പേര് ബാക്കിയെല്ലാവരും അംഗീകരിച്ചു.

ആദ്യം ബാലവാടിയായിരുന്നു. പിന്നീട് അംഗനവാടിയായി. ഇന്നത് അങ്കണവാടി അതായത് മുറ്റത്തെ പൂന്തോട്ടമായി പരിലസിക്കുന്നു.

വിവാഹപ്രായമെത്തിയ തൊഴിൽരഹിതരായ പെൺകുട്ടികൾ ചെന്ന് പണംപിരിച്ചാൽ പോക്കണംകേടായതിനാലും പേരുദോഷം വരുമെന്നും ഭയപ്പെട്ട് അവർ സ്ഥലത്തെ പ്രധാനികളായ ഡോക്ടറുടെയും ഹെഡ്മാസ്റ്ററുടെയും ഭാര്യമാരെയൊക്കെ ഒപ്പംകൂട്ടി, അവർക്കു സ്ഥാനമാനങ്ങൾ കല്പിച്ചുനല്കി. ഭർത്താക്കന്മാർ ജോലിക്കു പോയിക്കഴിഞ്ഞ് നേരംപോക്കാൻ മാർഗമില്ലാതിരുന്ന ഗ്രേസി റ്റീച്ചറിനും സാവിത്രിയമ്മയ്ക്കുമൊക്കെ ഇത് ഏറെ സന്തോഷമായി. അവർ ആ ജോലി ആത്മാർത്ഥതയോടെ ഏറ്റെടുത്തു, ഉത്സാഹത്തോടെ പ്രവർത്തിച്ചു. ലിസിയും മേഴ്സിയും വത്സമ്മയും സരസക്കുട്ടിയും സമാജം കെട്ടിപ്പൊക്കാൻ നാടുനീളെ എത്രയധികം അലഞ്ഞിട്ടുണ്ട്! കവയിത്രിയും ചിത്രകാരിയുമായ സരസക്കുട്ടി സമാജത്തിന്റെ ചുവരുകളിൽ ജീവസ്സുറ്റ ചിത്രങ്ങൾ വരച്ചിട്ടു. കവിതകൾ എഴുതി സമാജത്തിന്റെ പൊതുയോഗങ്ങളിൽ പാടി അവതരിപ്പിച്ചു. ലിസി സാക്ഷരത ലക്ഷ്യമാക്കി നവസാക്ഷരർക്കുവേണ്ടി കഥാപ്രസംഗങ്ങളും കവിതകളും രചിച്ചു. അമ്മ മേഴ്സിക്ക് സെറ്റുമുണ്ട് വാങ്ങിക്കൊടുത്തു, വത്സമ്മയ്ക്കും സരസമ്മയ്ക്കുമൊപ്പം തിരുവാതിരകളിയിൽ പങ്കെടുക്കാൻ. നാട്ടിലെ കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും പോഷകസമൃദ്ധമായ ഉപ്പുമാവുണ്ടാക്കിക്കൊടുക്കാൻ നാടുനീളെ മുരിങ്ങയില പറിച്ചുനടന്നു ആ പെൺകുട്ടികൾ.

നാടിന് എന്നും നന്മയുള്ള കാര്യങ്ങൾ ആ സമാജംമുഖേന നാട്ടാർക്കു കിട്ടിത്തുടങ്ങി. സമാജം ഇന്ന് നല്ലൊരു അങ്കണവാടിയാണ്. രാഷ്ട്രീയക്കാരുടെ കടന്നുകയറ്റം നിമിത്തം ആ വനിതാസമാജത്തിനുവേണ്ടി അക്ഷീണം പരിശ്രമിച്ചവരിൽ പലരും ക്രമേണ അതിൽനിന്നു പിൻവാങ്ങുകയും നിഷ്പ്രഭരാവുകയും ചെയ്തു.

കാലങ്ങൾ മുന്നോട്ടുപോകവേ സരസക്കുട്ടി മലബാറിൽ റ്റീച്ചറായി ജോലിയിൽ പ്രവേശിച്ചു. സരസക്കുട്ടിയുടെ അമ്മയുടെ അപ്രതീക്ഷിതമായ ആത്മഹത്യ അവരെ തളർത്തി. അമ്മയുടെ ദേഹവിയോഗം സരസക്കുട്ടിയെ ഒട്ടൊന്നുമല്ല തളർത്തിയത്; അവർ പിന്നെ പൊതുസമൂഹത്തിൽ ഒരുപരിപാടിക്കും വന്നില്ല. സമാജത്തിനുവേണ്ടി ഏറെ നിന്ദകളും ചീത്തപ്പേരുമേറ്റുവാങ്ങിയ വത്സമ്മ ദൂരെയുള്ള മറ്റൊരു അങ്കണവാടിയിൽ ആദ്യം ഹെൽപ്പറും പിന്നീട് റ്റീച്ചറുമായി. മേഴ്സിയും ലിസിയും പഠനത്തിരക്കിലും ജോലിത്തിരക്കിലുമകപ്പെട്ട് സമാജത്തിൽനിന്ന് വിട്ടുപോയി. സമാജത്തിനുവേണ്ടി കഷ്ടപ്പെട്ടവരെ പുതിയ ഭാരവാഹികൾ പാടേ മറന്നു, പുതിയ സാരഥികൾ സാമൂഹികക്ഷേമ വകുപ്പിൽനിന്ന് ആദരങ്ങളേറ്റുവാങ്ങി.

(തുടരും)

കവിത

മനോജ് കാലടി

# കയർ

കയറുപിരിക്കുന്നവരുടെ വയറുക-
ളെരിയും കാഴ്ചകൾ കാണുമ്പോൾ
പാട്ടുമറന്നൊരു റാട്ടുകൾപോലും
അനാഥരായി തേങ്ങുന്നു!

തൊണ്ടുകൾ തല്ലുന്നവരുടെ തൊണ്ടയിൽ
വാക്കുകളിടറി നിൽക്കുമ്പോൾ
പാരമ്പര്യത്തൊഴിലായിരമല്ലോ
വിസ്മൃതിപുൽകി മരിക്കുന്നു!

പല ചെറുനാരുകളൊന്നായ് നല്ലൊരു
കമ്പക്കയറായ് മാറുംപോൾ
അവരുടെ കണ്ണീരുപ്പും ചേർന്നൊരു
കയറിൻപിരിയായ് തീരുന്നു!

തൊണ്ടുകൾ ചീഞ്ഞു നാരുകളാകാൻ
നാളുകൾ പലതും കാക്കുമ്പോൾ
അവരുടെയുള്ളിൽ തേങ്ങുന്നനുദിനം
ഉത്തരമില്ലാ ജീവിതവും!

കയറിൻ ഗരിമകൾ പറയും കഥകളിൽ
കണ്ണീർക്കഥകൾ മറക്കുമ്പോൾ
ഉറപ്പുകൂടും കയറിൻതുമ്പിൽ
പിടയും പട്ടിണിജന്മങ്ങൾ!

# മരങ്ങളെ പ്രണയിക്കാത്ത മനുഷ്യരോ നമ്മൾ?

1-ാം പേജ് തുടർച്ച


അമേരിക്കയിൽ ഡി.ഡി.റ്റി.യുടെ ഉൽപാദനവും ഉപയോഗവും വിതരണവും നിർത്തലാക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചത് ഈ പുസ്തകം പങ്കുവച്ച അറിവുകളായിരുന്നു. പാരിസ്ഥിതികാവബോധത്തിന്റെ ദീർഘമായ 62 വർഷങ്ങൾ പിന്നിട്ടിട്ടും ഒരു പ്രശ്നവും അവസാനിച്ചിട്ടില്ല എന്നു മാത്രമല്ല, പുതിയ പാരിസ്ഥിതികപ്രശ്നങ്ങളെ നാം അഭിമുഖീകരിക്കേണ്ടിയും വരുന്നു എന്നത് ആർജിച്ചെടുത്ത അറിവുകളും ശാസ്ത്രസാങ്കേതികവിദ്യകളും ജീവിതത്തിനും ജീവനും സംരക്ഷണം നൽകുന്നതിൽ പരാജയപ്പെടുന്നു എന്ന യാഥാർത്ഥ്യത്തെ വിളിച്ചോതുന്നു. ഇവിടെയാണ് ഫ്രാൻസിസ് മാർപാപ്പയുടെ പരിസ്ഥിതിയെ അവലംബമാക്കിയിട്ടുള്ള രണ്ടു ചാക്രികലേഖനങ്ങൾ പ്രസക്തമാകുന്നത്. ലൗദാത്തോ സി, ലൗദാത്തോ ഡിയോ എന്നീ പുസ്തകങ്ങൾ പങ്കുവയ്ക്കുന്ന പ്രമേയം ദൈവം മനോഹരമായി സൃഷ്ടിച്ച പ്രപഞ്ചത്തെ വരുംതലമുറകൾക്കായി കാത്തുസൂക്ഷിക്കാനുള്ള മനുഷ്യന്റെ ദൗത്യത്തെക്കുറിച്ചാണ്. പരിസ്ഥിതിയെ ദുർബലപ്പെടുത്തുന്ന എല്ലാ ഇടപെടലുകളും കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപങ്ങളാണ് എന്ന മാർപാപ്പയുടെ പ്രഖ്യാപനം പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യത്തെ ഗൗരവമായെടുക്കുന്നു എന്നു മാത്രമല്ല, അറിഞ്ഞും അറിയാതെയും നാം നടത്തിയ നിരവധി ഹിതകരമല്ലാത്ത പാരിസ്ഥിതിക ഇടപെടലുകൾക്കുള്ള മിയ കുൾപ്പയും കൂടിയാണ്. കാടുവെട്ടി, കുന്നിടിച്ച് ഒരു തുള്ളി വെള്ളംപോലും മണ്ണിലേക്കിറക്കാതെ കോൺക്രീറ്റ് ടൈലുകൾ ഇട്ട് നാം നടത്തുന്ന പരിസ്ഥിതിയാചരണങ്ങൾ അന്തരീക്ഷത്തിൽ വെറും കുരകളായി മാറുന്നുവോ? പിന്നിൽ എവിടെനിന്നോ ആരോ മന്ത്രിക്കുന്നു, വാക്കുകൾ കുരയ്ക്കുന്നു; പ്രവൃത്തികൾ ഗർജിക്കുന്നു എന്ന്. കസ്തൂരിരംഗനും മാധവ് ഗാഡ്കിലും എന്തോ മഹാപരാധം ചെയ്തു എന്ന കണക്കെയുള്ള ചർച്ചകൾ, കാലഘട്ടം നമുക്കു മുമ്പിൽ നൽകുന്ന ചില അടയാളങ്ങൾ കണ്ടെങ്കിലും നിർത്തേണ്ടതല്ലേ? പരിസ്ഥിതിലോലപ്രദേശങ്ങളിൽ ആപൽക്കരമായ ഖനനപ്രക്രിയകൾ പാടില്ല എന്ന നിയമം നമ്മുടെ ജീവിതത്തെ, ആവാസവ്യവസ്ഥയെ കുറേക്കൂടെ സുരക്ഷിതമാക്കി മാറ്റുകയല്ലേ ചെയ്യുന്നത്? അതുമൂലം പ്രദേശവാസികൾക്ക് അന്യമാകുന്ന വികസന ആനുകൂല്യങ്ങൾ മതിയാംവണ്ണം കോമ്പൻസേറ്റ് ചെയ്യപ്പെടുന്ന പുത്തൻ ഫോർമുലകളെക്കുറിച്ചല്ലേ നാം ഗൗരവമായി ചിന്തിക്കേണ്ടത്?

വികസനക്കുതിപ്പിന്റെ അടയാളമായി ഉയർന്നുനിൽക്കുന്ന മഹാനഗരങ്ങൾ പലപ്പോഴും മരണഗന്ധത്തിലാണ്ടുപോകുന്ന നിസ്സഹായാവസ്ഥയ്ക്കും സാക്ഷ്യം വഹിക്കുന്നുണ്ട്. അടുത്ത നാളിൽ കേരളതീരത്ത് സമുദ്രത്തിലേക്കു കപ്പലിൽനിന്നു വീണ കണ്ടെയ്നറിലെ രാസച്ചോർച്ചയും ബ്രഹ്മപുരത്തെ മാലിന്യക്കൂമ്പാരത്തിലെ തീപ്പിടിത്തവും, ഡൽഹിയിൽ കൂടക്കൂടെ പെയ്തിറങ്ങുന്ന വിഷപ്പുകപടലങ്ങളും, ആഗോളതാപനം മൂലമുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനവും അതിനോടനുബന്ധമായ മഞ്ഞുരുകലും വെള്ളപ്പൊക്ക ഭീഷണിയും വരൾച്ചയും ജൈവവൈവിധ്യശോഷണവും ഏതൊരു സമൂഹത്തിനും കനത്ത വെല്ലുവിളിയാണ് എന്നോർമിച്ച് നമ്മുടെ ഓരോ ചുവടുകളിലും ഒരു കാർബൺ ഫുട്ട് പ്രിന്റ് അടയാളപ്പെടുത്തേണ്ട സമയമായി.



ലേഖനം അവസാനിപ്പിക്കുമ്പോൾ പ്രത്യാശയുടേതായ ചില ഇടപെടലുകളും കാണേണ്ടതായിട്ടുണ്ട്. അന്താരാഷ്ട്ര കടൽ പ്രദേശങ്ങൾ സംരക്ഷിക്കാനുള്ള ഐക്യരാഷ്ട്രസഭയുടെ യുഎൻ ഹൈ സീസ് കരാർ, 2030 ഓടെ ഭൂമിയുടെ 30% കരയും 30% സമുദ്രപ്രദേശങ്ങളും സംരക്ഷിക്കാനുള്ള 30 : 30 ബയോഡൈവേഴ്സിറ്റി പദ്ധതി, പല രാജ്യങ്ങളിലും പർവതങ്ങൾക്കും തിരമാലകൾക്കും തിമിംഗലങ്ങൾക്കും ഡോൾഫിനുകൾക്കും നൽകുന്ന നിയമപരമായ വ്യക്തിത്വം അംഗീകരിക്കൽ, 2030 ഓടെ 5 ദശലക്ഷം മെട്രിക് ടൺ ഗ്രീൻ ഹൈഡ്രജൻ ഉത്പാദിപ്പിക്കാനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ ഗ്രീൻ ഹൈഡ്രജൻ മിഷൻ, 2025 – 26 വർഷക്കാലം വായുമലിനീകരണം 40% കുറയ്ക്കാൻ ഇന്ത്യയിലെ 130 നഗരങ്ങളിൽ നടപ്പാക്കുന്ന നാഷണൽ ക്ലീൻ എയർ പ്രോഗ്രാം തുടങ്ങി ലോകമെമ്പാടും പരിസ്ഥിതിസൗഹൃദത്തിലേക്ക് എത്തുന്നതിനുള്ള നിരവധി പ്രോഗ്രാമുകൾ നടക്കുന്നുണ്ട് എന്ന കാര്യത്തിൽ നമുക്ക് ആശ്വസിക്കാം. ചുരുക്കത്തിൽ ഈ പരിസ്ഥിതിദിനത്തിലെങ്കിലും വികസനത്തിന് ഒരു പുതിയ സൂചിക നാം എഴുതിച്ചേർക്കേണ്ടതുണ്ട്. ജീവന്റെ അടിസ്ഥാന ഘടകങ്ങളായ ശ്വസിക്കുന്ന വായുവും കുടിക്കുന്ന ജലവും കഴിക്കുന്ന ഭക്ഷണവും മലിനമാക്കാത്ത ഏതൊരു പ്രവൃത്തിയും വികസനം എന്നും, മലിനമാക്കുന്ന ഏതൊരു ഇടപെടലുകളും അവികസിതം എന്നും പറയാനുള്ള ഒരു സത്യസന്ധത നമുക്കുണ്ടാകട്ടെ. മലിനമാകാതെ നമുക്കു ചുറ്റുമുള്ള ജലാശയങ്ങളും, തരിശാകാതെ നമുക്കു ചുറ്റുമുള്ള കൃഷിയിടങ്ങളും നിലനിർത്താനുള്ള പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളാണ് എന്നു തിരിച്ചറിയണം. ഈ പരിസ്ഥിതിദിനത്തിൽ ഒരു തൈ നാം നടുമ്പോൾ ഒരു തണൽ മാത്രമല്ല നടുന്നത് എന്ന ഓർമ്മയുണ്ടാകണം. നമുക്കുചുറ്റും കുളിരും മഴയും പുഴയും, അന്നവും ആടയും ഔഷധവും, ജീവനും ജീവിതവും ഒക്കെയായി നാം മാറുകയാണ്.

■



*അന്തീനാട് ജോസ് രചിച്ച 'വില്ലാർവട്ടം ക്രിസ്തീയ രാജവംശം' എന്ന ചരിത്രനോവലിന്റെ പ്രകാശനം ചങ്ങനാശേരി ആർച്ചുബിഷപ് മാർ തോമസ് തറയിൽ നിർവഹിക്കുന്നു. സമീപം നോവലിസ്റ്റ്.*

---

**കവിത** — **എം. എസ്. ചാമക്കാല**

## അമ്മേ വിട തന്നാലും

അമ്മേ വിട ചൊല്ലാൻ നേരമായെൻ പിതാ-
വേല്പിച്ച കർത്തവ്യം പൂർത്തിയാക്കി;
കർത്തൃസന്നിധിയിലെത്തും ഞാൻ വൈകാതെ
വർധിതാഹ്ലാദഭരിതനായി
മർത്ത്യപരിത്രാണകർമം നിറവേറ്റാ-
നുദ്യുക്തനായവനാണു പക്ഷേ,
'നിന്നിഷ്ടം പാലിക്കാൻ ദാസി ഞാ'നെന്നോതി
മുന്നിഷ്ടം നല്കിയതമ്മയല്ലേ!
സന്തോഷത്തോടെയാ സമ്മതമേകി നീ
സന്താപമേറെ സമ്പാദ്യമാക്കി!

എന്നെയുദരത്തിലുൾക്കൊണ്ടനാൾതൊട്ടെ-
ന്നമ്മയ്ക്കുണ്ടായതു ക്ലേശമല്ലേ
ഗർഭത്തിലെന്നെ വഹിച്ചുകൊണ്ടന്നമ്മ
ഇളയമ്മേ കാണാൻ നടന്ന ദൂരം
എത്രയെന്നോതുമോ ക്ലേശങ്ങളോതുമോ!
എത്ര കഠിനമെന്നാരറിയാൻ!

നോവും സഹിച്ചുകൊണ്ടെത്രയോ വീടുകൾ
കേറിച്ചെന്നെല്ലാം വിഫലമായി!
പാതിരാനേരത്താ കാലിത്തൊഴുത്തിലെ
ദുർഗന്ധമേറ്റു കിടന്നോരമ്മ!
മറ്റൊരു സ്ത്രീയും സഹായത്തിനില്ലാതെ-
യൊറ്റയ്ക്കുതന്നെ വഹിച്ചോരമ്മ!

ഓർമയിലെത്തുന്നുണ്ടെന്നെയെടുത്തുകൊ-
ണ്ടോടിയൊളിച്ചതും രക്ഷിച്ചതും!
പള്ളിത്തിരുനാൾ കഴിഞ്ഞെനെ കാണായ്കി-
ലുള്ളെരിഞ്ഞെങ്ങും നടന്നോളല്ലേ!
പെറ്റുവളർത്തിയോരമ്മതൻ വേദന
മറ്റുള്ളോരാർക്കും മനസ്സിലാകാ!
അന്നല്ലേ താൻ വേദാധ്യാപകവേദിയിൽ
ചെന്നു സംവാദത്തിൽ പങ്കുചേർന്നു!
ബാല്യത്തിൽതന്നെയാ വേദപാഠങ്ങളും
ചൊല്ലിപ്പഠിപ്പിച്ചതമ്മയല്ലേ!
കാൽവരിയജ്ഞസമയം കുറിച്ചതും
കാനാപുരത്തിൽ വച്ചമ്മയല്ലേ!
ആയമ്മ ക്രൂശിൻചുവട്ടിൽ നിരാലംബ!
വൈധവ്യം വാങ്ങിയോളാണു പാവം!

അമ്മയ്ക്കൊരാശ്രയം നല്കാതെ പോവുകി-
ലെന്മനമെന്നുമീ ക്രൂശിൽത്തന്നെ!
ജന്മം തൊട്ടമ്മിഞ്ഞേമന്നവും നല്കിയോ-
രമ്മയെ വിട്ടകന്നെന്തു സ്വർഗം!

ചിന്തിച്ചുപോയല്പനേരം മകൻ പിന്നെ
മാതാവോടോതിനാൻ കണ്ണിണയാൽ
"ഞാൻ പോകും നേരം പകരമൊരാളിനെ-
കണ്ടെത്താനെന്നെയനുഗ്രഹിക്കൂ!"
ഇത്ഥം പറഞ്ഞൊരാ പുത്രന്റെ ചിത്തത്തി-
ലെത്തിയൊരു പുത്തൻചിന്തയപ്പോൾ
ക്രൂശിൻ ചുവട്ടിലെ ശിഷ്യനോടോതിപോ-
ലീനില്ക്കും സ്ത്രീയോ നിന്നമ്മതന്നെ!"

വീണ്ടും തന്നമ്മയോടാദരാൽ ചൊല്ലുന്നു:
"ഇക്കാണും യോഹന്നാൻ നിന്റെ മകൻ"

പുത്രന്റെ കർത്തവ്യമീവിധം നിർവഹി-
ച്ചത്ര സംതൃപ്തനാ, യേശുനാഥൻ.

*Deepanalam Weekly*

RNI No : 16998/68
Vol. 58 ■ No. 14 ■ Date of Publication 5 June 2025
■ Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment



സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ

CASH *for* GOLD

നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ, തൂക്കത്തിൽ കുറവുവരുത്താതെ ഏറ്റവും ഉയർന്ന വില നൽകുന്നു.

ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു.

KERALA'S NO.1 GOLD BUYER

FREE

വിദേശ പഠനം/ജോലി, തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)

അച്ചായൻസ് ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം | വാഴക്കുളം

85900 46916 | 90723 88172

കോട്ടയം | ഏറ്റുമാനൂർ | ചിങ്ങവനം | സംക്രാന്തി | കടുവാക്കുളം | ചങ്ങനാശ്ശേരി
എറണാകുളം | തൊടുപുഴ | ചേർത്തല | പേരൂർ | കടുത്തുരുത്തി | നീണ്ടൂർ

NRI ഇടപാടുകൾക്ക് പ്രത്യേക വിഭാഗം | DOOR STEP SERVICE AVAILABLE | CASH/BANK TRANSFER AVAILABLE *

SH SCHOOL OF MEDICAL SCIENCE

എളുപ്പം ജോലി ലഭിക്കാൻ
പാരാമെഡിക്കൽ കോഴ്സുകൾ
കോട്ടയത്തും പാലായിലും



UGC Approved University Diploma & Degree Courses

അഡ്മിഷൻ തുടരുന്നു

LAB, X-Ray, CT, MRI, ANM, Radiology

DMLT, BVoc MLT, BSc RIT, BSc MLT, DRIT, BVoc RIT

HOSPITAL ADMINISTRATION (MG University)

GDA - General Duty Assistant (Care Giver Course) (കേരള സർക്കാർ ASAP) (MG University)

ഹോസ്റ്റൽ സൗകര്യം, ബസ് കൺസഷൻ,
യൂണിഫോം, കുറഞ്ഞ ഫീസ് & Excellent Coaching



പ്രമുഖ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും സ്കാനിംഗ് സെന്ററുകളിലും ലാബുകളിലും പരിശീലനം

S.H. സ്കൂൾ ഓഫ് മെഡിക്കൽ സയൻസ്
നാഗമ്പടം ബസ് സ്റ്റാന്റിനു സമീപം,
കോട്ടയം

PH: 99462 999 64
99462 999 78
99462 999 68

S.H. പാരാമെഡിക്കൽ കോളജ് &
S.H. ചാരിറ്റി ലാബ്
സെന്റ് മേരീസ് കോളജ് ബിൽഡിംഗ്
Main Road പാലാ

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org